

വാർത്താമാസിക
# ടൈംസ് ഓഫ് അമേരിക്ക
# TIMES of AMERICA

2015
ഏപ്രിൽ
Volume VI Issue 68

Times of America Online Monthly News Journal.
web:mytimesofamerica.com



Tel: 267-991-2111
e-mail:timesofamerica@yahoo.com


**യെമൻ: യുദ്ധവും വിലാപവും ഉയരുന്ന നാട്**






## ഒബാമ പിതൃനഗരത്തിലേക്ക്: പദവിയിലിരിക്കെ ആദ്യത്തെ കെനിയൻ സന്ദർശനം

*വാഷിംഗ്ടൺ:* ഔദ്യോഗിക പദവിയിലിരിക്കെ പ്രസിഡന്റ് ബരാക് ഒബാമ ആദ്യമായി പിതൃനഗരം സന്ദർശിക്കുവാൻ തയ്യാറെടുക്കുന്നു. ജൂലൈയിലാണ് സന്ദർശനം.

സെനറ്റർ ആയിരുന്നപ്പോൾ മൂന്നുതവണ ഒബാമ കെനിയ സന്ദർശിച്ചിട്ടുണ്ട്.

അമേരിക്കക്കരനല്ലായെന്നുള്ള ആക്ഷേപത്തെ മറികടക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു കഴിഞ്ഞ ആറുവർഷമായി ഒബാമ കെനിയ സന്ദർശിക്കാതിരുന്നത്. പ്രസിഡന്റ് പദവിയിലേക്ക് ഇനിയൊരു ഊഴം ഇല്ല എന്ന തിരിച്ചറിവാണ് ഇപ്പോഴത്തെ സന്ദർശനത്തിനു സഹായകമായിരിക്കുന്നത്.

പിതാവ് അമ്പത്തിയഞ്ചു വർഷം മുമ്പ് മരിച്ചുവെങ്കിലും അർദ്ധ സഹോദരൻ ഉൾപ്പെടെയുള്ള ബന്ധുക്കൾ ഒബാമയുടെ സന്ദർശനത്തിനായി കാത്തിരിക്കുകയാണ്.

ഒബാമയ്ക്ക് രണ്ടുവയസ്സുള്ളപ്പോൾ മാതാപിതാക്കൾ വേർപിരിഞ്ഞിരുന്നു. പത്താം വയസ്സിലായിരുന്നു ഒടുവിൽ ഒബാമ പിതാവിനെ കണ്ടത്. പിതാവ് 1982ൽ മരിച്ചു. 92ലായിരുന്നു ഒബാമ മിഷേലുമായി അവസാനം കെനിയ സന്ദർശിച്ചത്.



*ഫയൽചിത്രം*



ബ്രിട്ടീഷ് വിദേശകാര്യസെക്രട്ടറി ഫിലിപ് ഹാമൺഡ് സ്റ്റേറ്റ് സെക്രട്ടറിയുമായി ഇറാൻ ആണവചർച്ചയിൽ പങ്കെടുക്കുന്നു

## ലോക മുത്തശ്ശി അന്തരിച്ചു



*ടോക്കിയോ:* ലോകത്തിലെ ഏറ്റവും പ്രായംകൂടിയ വനിതയായി ഗിന്നസ് ബുക്ക് അംഗീകരിച്ച ജപ്പാനിലെ മിസാവോ ഒകാവ (117) നിര്യാതയായി.

ഹൃദ്രോഗബാധയെത്തുടർന്ന് ഒസാക്കയിലെ നഴ്സിംഗ് ഹോമിലായിരുന്നു അന്ത്യം.

ഒസാക്കയിൽ തുണിവ്യാപാരിയുടെ പുത്രിയായി 1898ലാണ് ഒകാവയുടെ ജനനം. ഹവായി ദ്വീപുകൾ അമേരിക്കൻ ഐക്യനാടുകളുടെ ഭാഗമായതും പെപ്സി കോള പുറത്തിറക്കിയതും പ്രസ്തുത വർഷമായിരുന്നു. മാർച്ച് അഞ്ചിന് ഒകാവ 117-ാം ജന്മദിനം ആഘോഷിച്ചു. അമേരിക്കക്കാരി ജർത്രൂദ് വീവറാണു പുതിയ ലോകമുത്തശ്ശി. ആർക്കൻ സാസ് സ്വദേശിയായ വീവർക്ക് ജൂലൈ നാലിന് 117 വയസു പൂർത്തിയാവും.

## രാത്രിക്കാഴ്ചയ്ക്ക് തുള്ളിമരുന്ന്

*വാഷിംഗ്ടൺ:* ഇരുട്ടിൽ കണ്ണുകാണുന്നില്ലായെന്നുള്ള പരാതിക്ക് ഇനി പരിഹാരം. 50 മീറ്ററിലേറെ ദൂരംവരെ കാണാൻ സാധിക്കുന്ന പ്രത്യേക തുള്ളിമരുന്നാണ് കാലിഫോർണിയായില സയൻസ് ഫോർ മാസസ് സംഘം വികസിപ്പിച്ചെടുത്തത്.

ആഴക്കടൽ മത്സ്യങ്ങളിലും മറ്റും കണ്ടുവരാറുള്ള ക്ളോറിൻ ഇ.ഐ എന്ന വസ്തു ഉപയോഗിച്ചാണ് തുള്ളിമരുന്ന് വികസിപ്പിച്ചെടുത്തത്. എലികളിൽ നടത്തിയ പരീക്ഷണം വിജയകരമായതിന്റെ അടിസ്ഥാനത്തിൽ സയൻസ് ഫോർ മാസസ് സംഘം 50 മൈക്രോലിറ്റർ തുള്ളിമരുന്നുപയോഗിച്ചുള്ള പരീക്ഷണം തുടർന്നുവരുന്നു.












# നരേന്ദ്ര മോദി ഏപ്രിൽ 14 നു കാനഡയിൽ

**ജയ്ശങ്കർ പിള്ള**



*ടൊറന്റോ:* ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഏപ്രിൽ 14 നു കാനഡയിൽ സന്ദർശനം നടത്തുന്നു.

ഏപ്രിൽ 10 മുതൽ 16 വരെ ദിവസങ്ങളിൽ ഫ്രാൻസ്, ജർമനി, കാനഡ എന്നീ വിദേശ രാജ്യങ്ങളിലാണ് അദ്ദേഹം സന്ദർശനം നടത്തുന്നത്.

ഇന്ത്യയെ സാമ്പത്തിക വളർച്ചാ നിരക്കിൽ ലോകത്തിലെ ഒന്നാമത്തെ രാജ്യമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും ഇന്ത്യയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നതിനും അതുവഴി ഇന്ത്യയിലേക്ക് വിദേശ നിക്ഷേപകരെയും വ്യവസായ സംരംഭകരെയും സ്വാഗതം ചെയ്യുന്നതിനും വേണ്ടി ഒരു പുതിയ കൂട്ടുകെട്ടിന് ഇവിടെ തുടക്കം കുറിക്കുകയാണ്. ഇന്ത്യയിലെ വിദ്യാ സമ്പന്നരായ ചെറുപ്പക്കാർക്ക് ഇതുവഴി പുതിയ തൊഴിലവസരങ്ങൾ തുറന്നു കിട്ടുമെന്ന് നമുക്ക് ആശിക്കാം. മേയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ സമ്പൂർണ വിജയം ഇതുവഴി സാധ്യമാവുകയാണ്.

ടൊറന്റോയിൽ നടക്കുന്ന പൊതു ചടങ്ങിൽ നരേന്ദ്ര മോദി ജനങ്ങളെ അഭിസംബോധന ചെയ്യും. സമ്മേളന നഗരിയിലേക്കുള്ള പ്രവേശനം പാസുമൂലം നിയന്ത്രിച്ചിട്ടുണ്ട്. പാസ് ആവശ്യമുള്ളവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഏപ്രിൽ 14,15,16 തീയതികളിലായി അദ്ദേഹം ടൊറന്റോ, ഓട്ടവ, വാൻഗൂവർ എന്നിവിടങ്ങൾ സന്ദർശിക്കും.

മോദിയുടെ കാനഡയിലെ ആദ്യത്തെ സന്ദർശനം ആഘോഷമാക്കി മാറ്റുന്ന തെരക്കിലാണ് ഇന്ത്യൻ വംശജർ. 1973 നു ശേഷം കാനഡ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്ര മോദി.

# നികുതിദായകർക്ക് തെറ്റായ ഫോൺ സന്ദേശം

**പി.പി. ചെറിയാൻ**

*ഫ്ളോറിഡ:* ഇന്ത്യയിലെ കോൾ സെന്ററുകളിൽ നിന്നും അമേരിക്കയിലെ നികുതിദായകർക്ക് ഐആർഎസ് ഓഫീസേഴ്സാണെന്ന് സ്വയം പരിചയപ്പെടുത്തി നിരവധി ഫോൺ കോളുകൾ ലഭിക്കുന്നതായി വിവിധ സംസ്ഥാനങ്ങളിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

2015 ലെ ടാക്സ് അടയ്ക്കേണ്ട സമയമായതിനാൽ നികുതിദായകർ ടാക്സ് ഫയൽ ചെയ്തതിൽ ക്രമക്കേടുണ്ടെന്നും ഉടനെ ഫൈൻ അടയ്ക്കണം എന്നാവശ്യപ്പെട്ടാണ് ഫോൺ ലഭിക്കുന്നത്. അടച്ചില്ലെങ്കിൽ അടുത്ത പോലീസ് സ്റ്റേഷനിൽ നിന്നും ഓഫീസർ എത്തി അറസ്റ്റു ചെയ്യുമെന്നുള്ള ഭീഷണിയും ലഭിക്കുന്നതായി പരാതിയിൽ ചൂണ്ടിക്കാണിക്കുന്നു.

നാളിതുവരെ 3,66,000 നികുതിദായകർ ഇവരുടെ ചതിയിൽ അകപ്പെട്ടിട്ടുണ്ടെന്നും 15.5 മില്യൺ ഡോളർ ഇവരിൽ നിന്നും തട്ടിച്ചെടുത്തിട്ടുണ്ടെന്നും സെനറ്റ് ഫിനാൻസ് കമ്മിറ്റിയുടെ മേശപ്പുറത്തുവച്ച ഫെഡറൽ ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ റിപ്പോർട്ടിൽ പറയുന്നു.

ചരിത്രത്തിൽ ആദ്യമായായാണ് ഐആർഎസ് വ്യാജ ഫോൺ കോളുകൾ ഇത്രയും വർധിച്ചതെന്ന് ട്രഷറി ഡെപ്യൂട്ടി ഇൻസ്പെക്ടർ, ജനറൽ തിമോത്തി കാമസ് പറഞ്ഞു. ചതിയിൽ അകപ്പെടുന്നവർ പലരും പരാതിയുമായി അധികൃതരെ സമീപിക്കുന്നില്ലെന്നും ഇദ്ദേഹം ചൂണ്ടിക്കാട്ടി. ഫ്ളോറിഡായിൽ നിന്നും രണ്ടു പേരെ അടുത്ത കാലത്ത് ഇതു സംബന്ധിച്ചു അറസ്റ്റു ചെയ്തിട്ടുണ്ട്.

ഐആർഎസ് ഓഫീസിൽ നിന്നും ആരേയും ഫോണിൽ വിളിച്ച് വിവരം അറിയിക്കാറില്ലെന്നുള്ളത് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇനിയും ഇത്തരം കോളുകൾ ലഭിച്ചാൽ അത് അവഗണിക്കുകയോ, വിളിച്ച നമ്പർ അടുത്ത പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുകയോ വേണമെന്നും അധികൃതർ മുന്നറിയിപ്പു നൽകി.

# കാഷ്മീർ പ്രളയം: മരണം 17



*ശ്രീനഗർ:* ജമ്മു കാഷ്മീരിൽ നാലു ദിവസമായി തുടർച്ചയായി പെയ്ത മഴ ശമിച്ചെങ്കിലും വീണ്ടും ശക്തമാകാൻ സാധ്യതയുണ്ടെന്നു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

പ്രളയത്തിൽ ഇതുവരെ 17 പേർ മരിച്ചു. 24 മണിക്കൂറായി മഴ വിട്ടുനിന്നതോടെ വെള്ളപ്പൊക്കത്തിനു നേരിയ ശമനമുണ്ടായിട്ടുണ്ട്.

ഝലം നദിയിലെ ജലനിരപ്പ് ആറ് അടി താഴ്ന്നതോടെ ദക്ഷിണ കാഷ്മീരിലെ സംഗത്തിൽ 16.45 അടിയായി. തിങ്കളാഴ്ച രാത്രിയിലേതിൽ നിന്നു രാം മുൻഷി ബാഗിലെ ജലനിരപ്പ് ഒന്നരയടി താഴ്ന്നു. പ്രളയത്തെത്തുടർന്നു കാഷ്മീർ താഴ്വരയിലെ സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കുകയും നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ മാറ്റിവയ്ക്കുകയും ചെയ്തു.

പ്രളയബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണെന്നും കഴിഞ്ഞ വർഷത്തെപ്പോലെ കാഷ്മീരിനെ ശവപ്പറമ്പാക്കാൻ അനുവദിക്കില്ലെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് ബഗ്ദോറയിൽ പറഞ്ഞു. ബദ്ഗാം ജില്ലയിൽ വീടുനു മുകളിൽ മണ്ണിടിഞ്ഞു കാണാതായ ആറു പേരുടെ മൃതദേഹങ്ങൾ ഇന്നലെ കണ്ടെടുത്തു. മറ്റൊരു മണ്ണിടിച്ചിലിൽ ഒരാൾ മരിച്ചെന്നു സംശയിക്കുന്നുണ്ടെങ്കിലും മൃതദേഹം കണ്ടെത്തിയിട്ടില്ല. ജമ്മുവിലെ ഉധംപുരിൽ ഇന്നലെ ഒരാൾ മരിച്ചു. കേന്ദ്ര മന്ത്രി മുഖ്താർ അബ്ബാസ് നഖ്വി പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി.

ശ്രീനഗറിലെയും ബരാമുള്ളയിലെയും പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച നഖ്വി സംസ്ഥാന ഉദ്യോഗസ്ഥരുമായും രക്ഷാപ്രവർത്തകരുമായും കൂടിക്കാഴ്ച നടത്തി. ജമ്മു കാഷ്മീരിനു 200 കോടി രൂപ സർക്കാർ അടിയന്തര സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഝലം നദിയുടെ കരകളിൽ സംരക്ഷണ ഭിത്തി നിർമിച്ച് അടിക്കടിയുണ്ടാകുന്ന പ്രളയത്തെ തടയുമെന്നു നഖ്വി പറഞ്ഞു. നദിക്കരയിലെ അനധികൃത നിർമാണവും മറ്റു പ്രവർത്തനങ്ങളുമാണ് വെള്ളപ്പൊക്കത്തിനു കാരണമെന്നു മുഖ്യമന്ത്രി മുഫ്തി മുഹമ്മദ് സയീദ് അഭിപ്രായപ്പെട്ടു.

# മുഹമ്മദ് ബുഹാരി നൈജീരിയൻ പ്രസിഡന്റ്



*ലാഗോസ്:* നൈജീരിയൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഗുഡ്ലക് ജോനാഥനെ പരാജയപ്പെടുത്തി പ്രതിപക്ഷ ഓൾ പ്രോഗ്രസീവ് പാർട്ടി (എപിസി) നേതാവും മുൻ സൈനിക ഭരണാധികാരിയുമായ ജനറൽ മുഹമ്മദ് ബുഹാരി വിജയിച്ചു.

ജനറൽ ബുഹാരിക്ക് 151 ലക്ഷം വോട്ടുകൾ ലഭിച്ചപ്പോൾ നിലവിലുള്ള പ്രസിഡന്റ് ജോനാഥന് 117ലക്ഷം വോട്ടു മാത്രമേ കിട്ടിയുള്ളൂ. ജോനാഥന്റെ ഭരണകാലം അഴിമതിയും ബോക്കോഹറാമിന്റെ ആക്രമണവും മൂലം ഏറെ കലുഷിതമായിരുന്നു.

ആദ്യമായാണ് നിലവിലുള്ള പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ തോൽവി നേരിടുന്നത്. ജോനാഥന്റെ പ്രോഗ്രസീവ് ഡെമോ ക്രാറ്റിക്(പിഡിപി) പാർട്ടിക്കാർ ക്രമക്കേട് ആരോപിച്ചു പ്രക്ഷോഭത്തിനിറങ്ങാൻ സാധ്യതയുണ്ട്. മുൻ തെരഞ്ഞെടുപ്പിൽ ബുഹാരിയെ തോല്പിച്ച് ജോനാഥൻ അധികാരമേറ്റതിനെത്തുടർന്നുണ്ടായ പ്രക്ഷോഭത്തിൽ 800 പേർ കൊല്ലപ്പെടുകയുണ്ടായി.

ജോനാഥന്റെ പീപ്പിൾസ് ഡെമോക്രാറ്റിക്ക് പാർട്ടിക്കാർ ഇലക്ഷൻ കമ്മിഷനെതിരേ ആരോപണമുന്നയിച്ചതിനെത്തുടർന്ന് തിങ്കളാഴ്ച കുറേ സമയത്തേക്ക് ഫലപ്രഖ്യാപനം നിർത്തിവച്ചിരുന്നു.



## യെമൻ: പ്രധാനമന്ത്രി ഉടൻ ഇടപെടണമെന്നു മുഖ്യമന്ത്രി



*തിരുവനന്തപുരം:* പ്രധാനമന്ത്രി നേരിട്ട് ഇടപെട്ട് യെമനിലുള്ള ഇന്ത്യക്കാരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു. വിദേശകാര്യമന്ത്രി സുഷമ സ്വരാജിനും കത്തിന്റെ കോപ്പി നല്കി.

കേന്ദ്ര സർക്കാരും യെമനിലെ ഇന്ത്യൻ എംബസിയും ചില നടപടികൾ സ്വീകരിച്ചതു സ്വാഗതാർഹമാണ്. എന്നാൽ, അവിടെ സ്ഥിതിഗതികൾ കൂടുതൽ വഷളാകുന്ന സാഹചര്യത്തിൽ സമയബന്ധിതമായ നടപടികളിലൂടെ ഇന്ത്യക്കാരെ യെമനിൽനിന്ന് ഒഴിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നു മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

യെമനിൽ കുടുങ്ങിപ്പോയ മലയാളി നഴ്സുമാരുടെ ആശങ്കാജനകമായ നിരവധി ഫോൺ കോളുകൾ തനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ജീവൻ അപകടത്തിലാണ് എന്ന് അവർ കരഞ്ഞുകൊണ്ടാണു പറഞ്ഞത്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

സൗദി ഭരണകൂടവുമായി ബന്ധപ്പെട്ടു സനായിലും യെമനിലെ മറ്റു വിമാനത്താവളങ്ങളിലും വിമാനം ഇറങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തണം. കൂടുതൽ വിമാനങ്ങളും നാവികസേനയുടേത് ഉൾപ്പെടെയുള്ള കപ്പലുകളും അയയ്ക്കണം. യെമനിൽനിന്നു മടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് എക്സിറ്റ് പാസും മറ്റ് അനുമതികളും നല്കണം. ഇതിനു ഫീസ് ഈടാക്കരുത്.

സനായിലെ മിലിട്ടറി ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികൾ ജീവനക്കാരെ വിട്ടയയ്ക്കുന്നില്ല. അവരുടെ പാസ്പോർട്ട് തടഞ്ഞുവയ്ക്കുകയും നഷ്ടപരിഹാരത്തുക ആവശ്യപ്പെടുകയും ചെയ്യുന്നു. ഇന്ത്യൻ എംബസി അടിയന്തരമായി ഇടപെട്ട് ജീവനക്കാർക്ക് പോരാനുള്ള അവസരം ഉണ്ടാക്കണം. നഷ്ടപരിഹാരത്തുക ഈടാക്കാൻ അനുവദിക്കരുത്.

ചൈനയും പാക്കിസ്ഥാനും അവരുടെ പൗരന്മാരെ മുഴുവൻ യെമനിൽനിന്ന് ഒഴിപ്പിച്ചെന്നു മാധ്യമങ്ങളിൽ കണ്ട കാര്യം മുഖ്യമന്ത്രി സൂചിപ്പിച്ചു. യെമനിൽ ജോലിചെയ്യുന്ന ഇന്ത്യക്കാരുടെ നാട്ടിലുള്ള കുടുംബങ്ങളിൽ വലിയ ആശങ്കയും വേദനയും ഉണ്ടെന്നു മുഖമന്ത്രി ചൂണ്ടിക്കാട്ടി.

## കൽക്കരിപ്പാടം കേസ്: മൻമോഹനയച്ച സമൻസിനു സുപ്രീംകോടതിയുടെ സ്റ്റേ



*ന്യൂഡൽഹി:* കൽക്കരിപ്പാടം അഴിമതി കേസിൽ മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിനെ പ്രതിചേർത്ത് നേരിട്ടു ഹാജരാകുന്നതിനു സമൻസയച്ച പ്രത്യേക സിബിഐ കോടതി നടപടി സുപ്രീംകോടതി സ്റ്റേ ചെയ്തു. ഈ മാസം എട്ടിനു നേരിട്ടു ഹാജരാകണമെന്ന പ്രത്യേക വിചാരണക്കോടതിയുടെ ഉത്തരവിനെതിരേ മൻമോഹൻ സിംഗ് നൽകിയ ഹർജി പരിഗണിച്ചാണ് ജസ്റ്റീസുമാരായ വി.ഗോപാൽ ഗൗഡ, സി.നാഗപ്പൻ എന്നിവരുടെ ബെഞ്ച് നടപടികൾ സ്റ്റേ ചെയ്തത്. കേസിൽ കേന്ദ്രസർക്കാർ, സിബിഐ എന്നിവർ ഉൾപ്പെട്ട എതിർകക്ഷികൾക്കു നോട്ടീസയയ്ക്കാനും കോടതി നിർദേശിച്ചു.

മൻമോഹൻ സിംഗിനൊപ്പം കേസിൽ പ്രതിചേർക്കപ്പെട്ട മുൻ കൽക്കരി സെക്രട്ടറി പി.സി. പരേഖ്, പ്രമുഖ വ്യവസായി കുമാർമംഗലം ബിർള തുടങ്ങി അഞ്ചുപേർക്കെതിരേയുള്ള വിചാരണ നടപടികളും കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

ക്രിമിനൽ ഗൂഢാലോചന, അഴിമതി നിരോധന നിയമത്തിലെ വിവിധ വകുപ്പുകൾ, വിശ്വാസ വഞ്ചന തുടങ്ങിയ കുറ്റങ്ങളാണ് ഇവർക്കെതിരേ ചുമത്തിയത്. ഇതിനെ ചോദ്യം ചെയ്തു നൽകിയ ഹർജിയിൽ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചു നൽകിയവയ്ക്ക് ഭരണപരമായ അംഗീകാരം നൽകിയത് ക്രിമിനൽ ഗൂഢാലോചനയുടെയും അഴിമതിയുടെയും വകുപ്പുകൾ പ്രകാരം എങ്ങനെ കുറ്റകരമാകുമെന്ന് മൻമോഹൻ സിംഗിനു വേണ്ടി ഹാജരായ മുൻ കേന്ദ്രമന്ത്രിയും മുതിർന്ന അഭിഭാഷകനുമായ കപിൽ സിബൽ ചോദിച്ചു. മൻമോഹൻ സിംഗ് കുറ്റം ചെയ്തോയെന്നു സുപ്രീംകോടതി വരെ പരിശോധിച്ചതാണ്.

## ബാർ കോഴ: മൂന്നു കോൺഗ്രസ് മന്ത്രിമാർക്കെതിരേയുള്ള പരാതിയിൽ കേസെടുക്കാനാകില്ലെന്നു വിജിലൻസ്




*തിരുവനന്തപുരം:* ബാർ കോഴ ആരോപണവുമായി ബന്ധപ്പെട്ടു മൂന്നു കോൺഗ്രസ് മന്ത്രിമാർക്കെതിരേയുള്ള പരാതിയിൽ കേസെടുക്കാനാകില്ലെന്നു വിജിലൻസ്.

ബാർ കോഴ ഇടപാടിൽ മൂന്നു മന്ത്രിമാർക്കു ബന്ധമുണ്ടെന്നു പറയുന്ന സിഡിയിലെ സംഭാഷണങ്ങൾ അവ്യക്തമായതിനാൽ ആധികാരികത ഇല്ലാത്തതും അതിനാൽ കേസെടുക്കാൻ കഴിയാത്തതുമാണെന്നു വിജിലൻസ് ഡയറക്ടർ വിൻസൻ എം. പോൾ പരാതിക്കാരനായ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദനു നൽകിയ കത്തിൽ പറയുന്നു.

മന്ത്രിമാരായ രമേശ് ചെന്നിത്തല, കെ. ബാബു, വി.എസ്. ശിവകുമാർ എന്നിവർക്കെതിരേ കേസെടുക്കണമെന്ന് ആവശ്യപ്പെട്ടാണ് വി.എസ്. അച്യുതാനന്ദൻ കത്തു നൽകിയത്.

പരാതിയോടൊപ്പം ഹാജരാക്കിയ ഓഡിയോ സിഡി വിശദമായി പരിശോധിച്ചതായി വിജിലൻസ് പറഞ്ഞു. ചില വ്യക്തികൾ കൂട്ടായി നടത്തിയ സംഭാഷണങ്ങളുടെ ആധികാരികതയും ഉറവിടവും മനസിലാക്കാനോ അതുമായി ബന്ധപ്പെടുന്ന വ്യക്തികളെ തിരിച്ചറിയാനോ സാധിക്കുന്ന യാതൊന്നും സിഡിയിൽ ഇല്ല. പരാതിയുടെ ഒപ്പം ഹാജരാക്കിയിരിക്കുന്ന തെളിവായ സിഡിയിലെ സംഭാഷണങ്ങൾ ആധികാരികത ഇല്ലാത്തതും അസ്പഷ്ടവും അപര്യാപ്തവുമാണ്. അവ്യക്ത സംഭാഷണങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നു മന്ത്രിമാരുടെ പേരിൽ കേസെടുക്കാൻ കഴിയില്ലെന്നും വിജിലൻസ് ഡയറക്ടറുടെ മറുപടിക്കത്തിൽ പറയുന്നു.

സിഡിയുടെ ആധികാരികത വിജിലൻസ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘം പരിശോധിച്ചു. തുടർന്നു സിഡി സഹിതം വിജിലൻസ് ലീഗൽ അഡ്വൈസർമാരോടു നിയമോപദേശവും തേടി. തുടർന്നാണു കേസെടുക്കേണ്ടതില്ലെന്നു മറുപടി നൽകിയത്.

മന്ത്രി കെ. ബാബു ഉൾപ്പെടെ മൂന്നു കോൺഗ്രസ് മന്ത്രിമാർക്ക് ബാർകോഴ ഇടപാടിൽ പങ്കുണ്ടെന്ന് ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശ് തിരുവനന്തപുരം ജുഡീഷൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിനു രഹസ്യമൊഴി നൽകിയതിനു പിന്നാലെയാണു പ്രതിപക്ഷ നേതാവ് കത്തു നൽകിയത്. മന്ത്രിമാരായ രമേശ് ചെന്നിത്തല, വി.എസ്. ശിവകുമാർ എന്നിവരുടെ പേരുകൾ ബിജു രമേശ് വെളിപ്പെടുത്തിയിരുന്നില്ല.

## പൂട്ടിയ കുറേ ബാറുകൾ ബിയർ പാർലറിന് അപേക്ഷ നൽകി




*തിരുവനന്തപുരം:* ഹൈക്കോടതി വിധിയെത്തുടർന്നു കഴിഞ്ഞ ദിവസം അടച്ച ബാറുകളിൽ ഒട്ടേറെയെണ്ണം ബിയർ- വൈൻ പാർലർ ലൈസൻസിന് അപേക്ഷ നൽകി.

എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർക്കാണു ബിയർ- വൈൻ പാർലർ ലൈസൻസുകൾക്ക് അപേക്ഷ നൽകിയത്.

ബിയർ- വൈൻ പാർലർ ലൈസൻസ് നൽകാനുള്ള അധികാരം എക്സൈസ് കമ്മീഷണർക്കും എക്സൈസ് വകുപ്പിനുമായിരുന്നു. സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഇതിനുള്ള അവകാശം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്കു നൽകുകയായിരുന്നു.

തിരുവനന്തപുരത്ത് ഇന്നലെ പ്രാദേശിക അവധിയായതിനാൽ അപേക്ഷ സ്വീകരിക്കാൻ കഴിഞ്ഞില്ല. പൂട്ടിയ ബാറുകൾ ബിയർ പാർലറിന് അപേക്ഷിക്കില്ലെന്ന ബാർ ഹോട്ടൽസ് ഓണേഴ്സ് അസോസിയേഷൻ നേതാക്കളുടെ വാദം തള്ളിയാണ് ആദ്യ ദിനത്തിൽ തന്നെ ഒട്ടേറെപ്പേർ അപേക്ഷ നൽകിയത്.

പൂട്ടിയ 300 ബാറുകൾക്കും ബിയർ-വൈൻ പാർലർ ലൈസൻസ് നൽകാൻ നിർദേശം നൽകിയിട്ടുണ്ട്. എക്സൈസ് ഡെ.കമ്മീഷണർമാർ സ്ഥാപനങ്ങളുടെ ശുചിത്വനിലവാരം പരിശോധിച്ച ശേഷം ലൈസൻസ് നൽകാനാണു നിർദേശം. നാലു ലക്ഷം രൂപയാണ് ബിയർ-വൈൻ പാർലർ ലൈസൻസിനുള്ള ഫീസ്.

## സോണിയയ്ക്കെതിരേ വംശീയ അധിക്ഷേപം: കേന്ദ്രമന്ത്രിക്കെതിരേ വ്യാപക പ്രതിഷേധം

*ന്യൂഡൽഹി:* കോൺഗ്രസ് അധ്യക്ഷ സോണിയഗാന്ധിക്കെതിരേ കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗിന്റെ വംശീയ അധിക്ഷേപത്തിനെതിരേ വ്യാപക പ്രതിഷേധം.

സോണിയഗാന്ധിക്കു വെളുത്ത നിറമുള്ളതു കൊണ്ടാണു കോൺഗ്രസിന്റെ അധ്യക്ഷയാക്കിയതെന്നും, രാജീവ് ഗാന്ധി വിവാഹം കഴിച്ചത് നൈജീരിയക്കാരിയായ ഒരു കറുത്ത വർഗക്കാരിയെ ആയിരുന്നെങ്കിൽ അവരെ കോൺഗ്രസ് അധ്യക്ഷയായി അംഗീകരിക്കുമായിരുന്നോ എന്നുമായിരുന്നു കേന്ദ്ര ചെറുകിട വ്യവസായ സഹമന്ത്രി ഗിരിരാജ് സിംഗിന്റെ ചോദ്യം. ബിജെപിയുടെ മനസ് ഇതോടെ വെളിപ്പെട്ടു എന്നായിരുന്നു പ്രസ്താവനയോടു കോൺഗ്രസ് പ്രതികരിച്ചത്.

ബീഹാറിൽ നടന്ന ഒരു ബിജെപി യോഗത്തിലായിരുന്നു കേന്ദ്രമന്ത്രിയുടെ വിവാദ പ്രസ്താവന. കോൺഗ്രസ് ഉപാധ്യക്ഷൻ രാഹുൽഗാന്ധി അവധിയിൽ പോയതിനെ മലേഷ്യൻ വിമാനം കാണാതായ സംഭവത്തോടാണു ഗിരിരാജ് സിംഗ് ഉപമിച്ചത്. പ്രതിഷേധം രൂക്ഷമായതോടെ ഗിരിരാജ് സിംഗിനെ ബിജെപി അധ്യക്ഷൻ അമിത് ഷാ ശാസിച്ചു. മേലിൽ ഇത്തരം പരാമർശങ്ങൾ നടത്തരുതെന്നു സിംഗിനോട് നിർദേശം നൽകിയതായാണു വിവരം.

മന്ത്രിയുടെ പരാമർശത്തിനെതിരേ ഇന്ത്യയിലെ നൈജീരിയൻ ഹൈക്കമ്മീഷണർ ഒ.ബി. ഓകോങ്കർ പ്രതികരിച്ചു. മന്ത്രിയെന്നത് സർക്കാരിന്റെ ഉന്നത തലത്തിലുള്ള വ്യക്തിയിൽ നിന്ന് ഇത്തരമൊരു പരാമർശം പ്രതിഷേധാർഹമാണെന്ന് പറഞ്ഞു.

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈത ന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീ സ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻ ഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ് തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹാ യം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നി ന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾ ക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

## വിഷു ആഘോഷങ്ങൾ 4ന്

**ജയ് പിള്ള**




*കാനഡ:* എൻഎസ്എസ് കാനഡ കഴിഞ്ഞ 13 വർഷക്കാലമായി നടത്തിവരുന്ന വിഷു ആഘോഷങ്ങൾക്ക് അരങ്ങൊരുങ്ങി.

സാഹോദര്യത്തിന്റെയും, സമൃദ്ധിയുടെയും, സന്തോഷത്തിന്റെയും ഉത്സവമായ വിഷു ഏപ്രിൽ നാല് ശനിയാഴ്ച ബ്രാംപ്ടൻ ഹറോൾഡ് എം ബ്രാത്ത് വൈറ്റ് സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ ഉയരും.

വൈകുന്നേരം ആറിനു ഭദ്രദീപം കൊളുത്തി ആരംഭിക്കുന്ന ചടങ്ങിൽ വിവിധ സാമൂഹിക-സാംസ്കാരിക നായകന്മാർ പങ്കെടുക്കുമെന്ന് എൻഎസ്എസ് കാനഡ ചാപ്റ്റർ ചെയർമാൻ ശശിധരൻ, പ്രസിഡന്റ് ബാല മേനോൻ, സെക്രട്ടറി സുനിൽ കുമാർ നായർ എന്നിവർ അറിയിച്ചു.

വിഷുവിനോടനുബന്ധിച്ചു വിഷുകണി, വിഷുകൈനീട്ടം, വിഷു സദ്യ എന്നിവ പരിപാടിയുടെ മാറ്റുകൂട്ടും. വിഷുക്കണിക്കും, വിഷു കൈനീട്ടത്തിനും പുറമെ തായമ്പക,ഭരതനാട്യം, മോഹിനിയാട്ടം, കാവടി ചിന്ത്, സിനിമാറ്റിക് ഡാൻസ് കോമഡി സ്കിറ്റ്, ഉപകരണ സംഗീതം എന്നിങ്ങനെ വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണെന്ന് എൻഎസ്എസ് ഭാരവാഹികൾ അറിയിച്ചു.

For Advertisement Tel: 267-991-2111
CONTACT US



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

## ഇന്ത്യൻ കോൺസുലേറ്റ് – ഗോപിയോ ബിസിനസ് സെമിനാർ 18ന്




*ഷിക്കാഗോ:* ഏപ്രിൽ 18നു 5.30ന് ഓക്ബ്രൂക്ക് മാരിയറ്റ് ഗ്രാന്റ് ബാൾ റൂമിൽ ഗോപിയോഷിക്കാഗോ നടത്തുന്ന ബിസിനസ് കോൺഫറൻസിൽ ഇന്ത്യൻ കോൺസുലേറ്റ് ജനറലും കോൺസുലേറ്റ് അംഗങ്ങളും പങ്കെടുക്കുകയും വിദേശ ഇന്ത്യക്കാർക്ക് ഇന്ത്യയിൽ ബിസിനസ് തുടങ്ങുവാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമങ്ങളും, ബെനിഫിറ്റുകൾ, ടാക്സ് ഇളവുകൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതാണ്.

ഇന്ത്യയുടെ സാമ്പത്തിക രംഗം വൻതോതിൽ ഇപ്പോഴും കുതിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം ഏകദേശം 7.5 ശതമാനം വളർച്ചയുണ്ടായി. ഏതാണ്ട് ഒമ്പത് ശതമാനം വളർച്ചയാണ് കേന്ദ്ര ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയിൽ ചില പ്രത്യേക വ്യവസായങ്ങളിൽ പണം നിക്ഷേപിക്കാനും, ബിസിനസുകൾ തുടങ്ങാനും നല്ല അവസരമാണ്. ഇതുകൂടാതെ അമേരിക്കൻ വ്യവസായത്തിന്റെ വളർച്ച, ഭാവി, ഇൻവെസ്റ്റ് ചെയ്യാൻ പറ്റിയ വ്യവസായം എന്നിവയെക്കുറിച്ച് ചർച്ചകൾ നടത്തുമെന്ന് പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ് അറിയിച്ചു.

വൈകുന്നേരം എട്ടിനുശേഷം കേരളം, പഞ്ചാബ്, ഗുജറാത്ത്, തമിഴ്നാട്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള കലാകാരന്മാർ അവതരിപ്പിക്കുന്ന നൃത്ത-സംഗീത പരിപാടികളും ഉണ്ടായിരിക്കുന്നതാണ്. ഷിക്കാഗോയിലെ പ്രമുഖ മോഡലുകളെ അണിനിരത്തിക്കൊണ്ടുള്ള ഫാഷൻഷോയും പ്രത്യേകതയായിരിക്കുമെന്നു സെക്രട്ടറി സുവീന്ദർ സിംഗ്, ജോയിന്റ് സെക്രട്ടറി വിക്രന്ത് സിംഗ്, ജോയിന്റ് ട്രഷറർ ജോ നെടുങ്ങോട്ടിൽ എന്നിവർ അറിയിച്ചു.

അമേരിക്കൻ രാഷ്ട്രീയരംഗത്തെയും ബിസിനസ് രംഗത്തെയും വൻനിരതന്നെ സമ്മേളനത്തിൽ സംബന്ധിക്കും. കോൺഗ്രസ് വുമൺ ടോമ്മി ഡക്വർത്ത്, കോൺഗ്രസ് മാൻ ഡാനി ഡേവിസ്, യു.എസ് സെനറ്റർ റിച്ചാർഡ് ഡർബിൻ, സ്റ്റേറ്റ് സെനറ്റർ ഡാൻകോവിസ്കി, സ്റ്റേറ്റ് സെനറ്റർ ടോം കുള്ളർടൺ, ഓക് ബ്രൂക്ക് മേയർ ഗോപാൽ ലാൽമലാനി, ജെ.പി മോർഗൻ ചെയ്സ് ചെയർമാൻ മേലീസാ ബീൻ തുടങ്ങിയവരും മറ്റ് പ്രമുഖരും പങ്കെടുക്കും. ടിക്കറ്റുകൾ Suleka.com-ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഗ്ലാഡ്സൺ വർഗീസ് (847 561 8402), ജോ നെടുങ്ങോട്ടിൽ (630 261 5401). ഇ-മെയിൽ: gladsonvarghese@sbcglobal.net

## സ്റ്റാറ്റൻഐലന്റിൽ കാതോലിക്കാ ദിനം ഉജ്വലമായി



*ന്യൂയോർക്ക്:* സ്റ്റാറ്റൻഐലന്റ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ മാർച്ച് 22നു കാതോലിക്കാ ദിനം സമുചിതമായി ആചരിച്ചു.

നോർത്ത് ഈസ്റ്റ് ഭദ്രാസനാധിപൻ സഖറിയാസ് മാർ നിക്കളാവോസ് മെത്രാപ്പോലീത്ത തിരുമനസുകൊണ്ട് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും കാതോലിക്കാദിനാചരണ ചടങ്ങുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

പരിശുദ്ധമായ വലിയ നോമ്പിലെ മുപ്പത്തഞ്ചാം ഞായറാഴ്ചയാണ് കാതോലിക്കാ ദിനം സഭ ആചരിച്ചുവരുന്നത്.

വിശുദ്ധ കുർബാനയ്ക്കു ശേഷം മെത്രാപ്പോലീത്ത കാതോലിക്കാ പതാക ഉയർത്തി. ഇടവക ഗായകസംഘം കാതോലിക്കാ മംഗളഗാനം ആലപിച്ചു. പരിശുദ്ധ സഭ കാതോലിക്കാദിനമായി ആചരിക്കുന്ന ദിവസത്തിന്റെ പ്രത്യേകതയും ചരിത്ര പശ്ചാത്തലവും പ്രതിപാദിച്ചുകൊണ്ട് മാർ നിക്കളാവോസ് അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. അലക്സ് കെ. ജോയി ആമുഖ പ്രസംഗം നടത്തി. സെക്രട്ടറി ഫിലിപ്പ് വർഗീസ് സംസാരിച്ചു. ട്രഷറർ റെജി വർഗീസ് കൃതജ്ഞത പ്രകാശിപ്പിച്ചു. കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും, വിശ്വാസസമൂഹം ഏറ്റുചൊല്ലുകയും ചെയ്തു.

# ഡോ. ജോസഫ് മാർത്തോമ മെത്രാപ്പോലീത്ത ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ പള്ളിയിൽ

**എബി മക്കപ്പുഴ**



*ഡാളസ്:* മലങ്കര മാർത്തോമാ സഭയുടെ പരമാധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ മെത്രാപ്പോലീത്ത ഏപ്രിൽ അഞ്ചിന് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ ചർച്ചിലെ ഈസ്റ്റർ ഞായറാഴ്ചയിലെ ശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

ഇടവക വികാരി ഫാ. ജോസ് സി. ജോസഫിന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങൾ മെത്രാപ്പോലീത്തായെ ദേവാലയത്തിലേക്കു സ്വീകരിക്കും. തുടർന്നു ഞായറാഴ്ച രാവിലെ എട്ടിന് ആരംഭിക്കുന്ന ഉയിർപ്പു ശുശ്രൂഷയിൽ വിശുദ്ധ കുർബാന അർപ്പിക്കും.

വിശുദ്ധ കുർബാനയ്ക്കുശേഷം നടക്കുന്ന പൊതുസമ്മേളനത്തിൽ പുതുതായി പണിയുവാൻ ഉദ്ദേശിക്കുന്ന ഓഡിറ്റോറിയത്തിന്റെ തറക്കല്ല് ഇടുന്ന ചടങ്ങ് മെത്രാപ്പോലീത്ത നിർവഹിക്കും.

# ഡാളസ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഹാശാവാര ശുശ്രൂഷകൾ



**അനിൽ മാത്യു ആശാരിയത്ത്**

*ടെക്സസ്:* ഡാളസിലെ പ്രമുഖ ഓർത്തഡോക്സ് ദേവാലയങ്ങളിലൊന്നായ ഗാർലാന്റ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഈ വർഷത്തെ ഹാശാവാര ശുശ്രൂഷകൾ വിശുദ്ധവാരധ്യാനത്തോടുകൂടി മാർച്ച് 28 മുതൽ ഏപ്രിൽ അഞ്ചു വരെ നടത്തും.

ഹാശാവാര ശുശ്രൂഷകൾക്കും ആരാധനകൾക്കും മലങ്കര ഓർത്തഡോക്സ് സഭയുടെ ആഫ്രിക്ക-യുകെ- യൂറോപ്പ് ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്ത മുഖ്യകാർമികത്വം വഹിക്കും.

മാർച്ച് 28 ശനിയാഴ്ച രാവിലെ ഒമ്പതിന് പ്രഭാത നമസ്കാരവും തുടർന്നു നടന്ന വിശുദ്ധ കുർബാനയ്ക്കും അഭിവന്ദ്യ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്ത നേതൃത്വം നൽകി.

ഏപ്രിൽ ഒന്ന് ബുധനാഴ്ച വൈകിട്ട് 6.30ന് നമസ്കാരവും തുടർന്ന് പെസഹായുടെ വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കും. ഏപ്രിൽ രണ്ടാം തീയതി വ്യാഴാഴ്ച വൈകിട്ട് 5.30നു കാൽ കഴുകൾ ശുശ്രൂഷ അഭിവന്ദ്യ മെത്രാപ്പൊലീത്തായുടെ മുഖ്യ കാർമികത്വത്തിൽ നടക്കും.

മൂന്നു വെള്ളിയാഴ്ച രാവിലെ 8.30-ന് ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ ആരംഭിക്കും.

നാല് ദുഃഖശനിയാഴ്ച രാവിലെ 9.30ന് പ്രഭാത നമസ്കാരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കും. 5 ഞായറാഴ്ച രാവിലെ അഞ്ചിനു ആരംഭിക്കുന്ന പാതിരാപ്രാർത്ഥനകൾക്കു ശേഷം വിശുദ്ധ കുർബ്ബാനയും ഉയിർപ്പിന്റെ പ്രത്യേക ശുശ്രൂഷകളും നടക്കും.

ഹാശാവാരശുശ്രൂഷയിലും ധ്യാനപ്രാർഥനയിലും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ ഡാളസിലും പരിസരപ്രദേശങ്ങളിലുമുള്ള എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നതായി ഇടവക വികാരി റവ.ഫാ.സി.ജി തോമസ് അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: വികാരി റവ.ഫാ.സി.ജി തോമസ് (469 499 6559), സെക്രട്ടറി കുര്യൻ മാത്യു (214 223 8001), ട്രസ്റ്റി ഏബ്രഹാം ജോർജ് (972 899 2859).

# നാലിൽ കൂടുതൽ ഗർഭധാരണം സ്ത്രീകളിൽ ഹൃദയസംബന്ധമായ രോഗങ്ങൾ വർധിപ്പിക്കുമെന്നു ഡാളസ് യൂണിവേഴ്സിറ്റി ഓഫ് ടെക്സസ്.

**പി.പി. ചെറിയാൻ**



*ന്യൂയോർക്ക്:* നാലിൽ കൂടുതൽ ഗർഭധാരണം സ്ത്രീകളിൽ ഹൃദയസംബന്ധമായ രോഗങ്ങൾ വർധിപ്പിക്കുമെന്നു ഡാളസ് യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് സൗത്ത് വെസ്റ്റേൺ മെഡിക്കൽ സെന്ററിലെ ഗവേഷകയും ഇന്ത്യൻ അമേരിക്കൻ ഡോക്ടറുമായ മോനിക്ക സംഗവി പറഞ്ഞു.

നാലിൽ കൂടുതൽ കുഞ്ഞുങ്ങൾക്കു ജന്മം നൽകിയവരും നാലിൽ താഴെ ജന്മം നൽകിയവരുമായ സ്ത്രീകളിൽ നടത്തിയ താരതമ്യ പഠനത്തിലാണ് ഈ വ്യത്യാസം പ്രകടമായത്. വയറിനകത്തെ അവയവങ്ങൾക്കു ചുറ്റും അടിഞ്ഞു കൂടുന്ന കൊഴുപ്പാണു നാലിൽ കൂടുതൽ കുട്ടികൾക്കു ജന്മം നൽകുന്ന സ്ത്രീകളിൽ ഹൃദ്രോഗസാധ്യത വർധിപ്പിച്ചിരിക്കുന്നതെന്നു മോനിക്ക പറഞ്ഞു.

പ്രസവിക്കാത്ത സ്ത്രീകൾ, മൂന്നു കുട്ടികൾക്ക് ജന്മം നൽകിയവർ, നാലിൽ കൂടുതൽ കുട്ടികൾക്കു ജന്മം നൽകിയവർ എന്നീ മൂന്നു ഗ്രൂപ്പുകളായി തിരിച്ച് നടത്തിയ പഠനത്തിൽ ഗർഭധാരണകാലഘട്ടത്തിൽ സ്ത്രീകളിൽ സംഭവിക്കുന്ന മാനസികാവസ്ഥയും ഹൃദയ സംബന്ധമായ രോഗങ്ങൾക്കു കാരണമാകുന്നതെന്നും പഠനങ്ങൾ തെളിയിക്കുന്നു.

ഹാർട്ട് അസോസിയേഷൻ, അമേരിക്കൻ സൊസൈറ്റി ഓഫ് പ്രിവന്റീവ് കാർഡിയോളജി എന്നീ സംഘടനകളിൽ അംഗമായ മോനിക്ക അമേരിക്കൻ ഹാർച്ച് അസോസിയേഷന്റെ 2015ലെ ട്രെയ്നി അവാർഡിന് അർഹയായിട്ടുണ്ട്. ഒറിഗൻ സേറ്റ് യൂണിവേഴ്സിറ്റി ബിരുദാനന്തര ബിരുദം നേടിയ മോനിക്ക യുറ്റി സൗത്ത് വേസ്റ്റേണിൽ ചീഫ് കാർഡിയോളജി ഫെലോ ആയി പ്രവർത്തിക്കുന്നു

# ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ പിക്നിക്ക് വർണ്ണാഭമായി



*മയാമി:* ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡയുടെ വാർഷിക പിക്നിക്ക് വർണ്ണാഭമായി ആഘോഷിച്ചു.

മാർച്ച് 21-നു ഡേവി നഗരത്തിലുള്ള ട്രീറ്റോപ് പാർക്കിലെ ലൈവ് ഓക്ക് പവലിയനിൽ ആരംഭിച്ച പരിപാടികൾ വൈകുന്നേരം നാലു വരെ നീണ്ടുനിന്നു.

രാവിലെ പത്തിനു ജോ ബർണാഡ്, ബാർബിക്യൂ ഗ്രില്ലിന് തീ പകർന്നുകൊടുത്തുകൊണ്ട് പിക്നിക്കിന് ആരംഭം കുറിച്ചപ്പോൾ ഫോമ പ്രസിഡന്റ് ആനന്ദൻ നിരവേൽ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കു മുതൽ മുതിർന്നവർക്കു വരെയുള്ള വിവിധങ്ങളായ വാശിയേറിയ മത്സരങ്ങൾ നടത്തപ്പെട്ടു. വിജയികൾക്കുള്ള സമ്മാനം പെംബ്രൂക്ക് പൈൻസ് സിറ്റി വൈസ് മേയർ ഐറീഷ് സിപ്പിൾ വിതരണം ചെയ്തു.

മത്സരങ്ങളുടെ സമ്മാന തുക വ്യക്തികളും സ്ഥാപനങ്ങളും നൽകി. വിവിധ സംഘടനാ ഭാരവാഹികൾ പിക്നിക്കിൽ പങ്കാളികളായി. ബാർബിക്യൂ ചിക്കനും, ഹോട്ട് ഡോഗും മാത്രമല്ല പുഴുങ്ങിയ കപ്പയും മുളകുചമ്മന്തിയും, സംഭാരവും, പരിപ്പുവടയും കൂടി ചേർന്നപ്പോൾ നേഴ്സസ് അസോസിയേഷൻ പിക്നിക്ക് കൂടുതൽ ആസ്വാദ്യകരമായി.

നേഴ്സസ് അസോസിയേഷൻ പ്രസിഡന്റ് അലീഷ കുറ്റ്യാനി സ്വാഗതവും സെക്രട്ടറി ഷീല ജോൺസൺ നന്ദിയും പറഞ്ഞു. ജെസ്സി വർക്കിയും, ബോബി വർഗീസും മത്സരങ്ങൾ നിയന്ത്രിച്ചു. അമ്മാൾ ബെർണാഡ്, ബിജു ആന്റണി, സജോ പെല്ലിശേരി, ഷിബു ജോസഫ്, ജോർജ് പീറ്റർ, ജിനോയി വി. തോമസ്, ഷേർലി ഫിലിപ്പ്, ജോജി കുര്യാക്കോസ്, സിബി പീറ്റർ, ബെൻസി കുര്യാക്കോസ്, മേരി തോമസ് തുടങ്ങിയവർ പിക്നിക്ക് വിജയിപ്പിക്കുന്നതിന് നേതൃത്വം നൽകി.

# രമേശ് ചെന്നിത്തല കെഎച്ച്എൻഎ കൺവൻഷനിൽ പങ്കെടുക്കും

*ഷിക്കാഗോ:* കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ എട്ടാമത് അന്തർദേശീയ ഹിന്ദു സംഗമത്തിൽ കേരള രാഷ്ട്രീയത്തിലെ സമുന്നത നേതാവും ആഭ്യന്തര മന്ത്രിയുമായ രമേശ് ചെന്നിത്തല പങ്കെടുക്കും.

2015 ജൂലൈ 2 മുതൽ അഞ്ചുവരെ നാലുദിവസങ്ങളിലായി ഡാളസ് എയർപോർട്ടിലുള്ള ഹയാത്ത് റീജൻസിയിൽ നടക്കുന്ന ഈ ഹിന്ദു സംഗമത്തിൽ മതാചാര്യന്മാർ, മതപണ്ഡിതർ, മത നേതാക്കൾ, സാമൂഹ്യ-സാംസ്കാരിക നേതാക്കന്മാർ തുടങ്ങി മറ്റനേകം പ്രമുഖർ ഇന്ത്യയിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമായി പങ്കെടുക്കുമെന്ന് പ്രസിഡന്റ് ടി.എൻ. നായർ അറിയിച്ചു.

കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായും രജിസ്ട്രേഷൻ ധ്രുതഗതിയിൽ നടക്കുന്നതായും കൺവൻഷൻ ചെയർമാൻ റെനിൽ രാധാകൃഷ്ണൻ അറിയിച്ചു.

കൺവൻഷനെപ്പറ്റിയുള്ള കൂടുതൽ കാര്യങ്ങൾ അറിയുന്നതിനും ഓൺലൈനിലൂടെ രജിസ്റ്റർ ചെയ്യുന്നതിനും www.namaha.org സന്ദർശിക്കുക. പിആർഒ സതീശൻ നായർ അറിയിച്ചതാണിത്.

# ഹാശാ ആഴ്ച ശുശ്രൂഷകൾ

## ഡാലസ് സെന്റ് മേരീസ് വലിയ പള്ളിയിൽ വികാരി ഫാ. രാജു ദാനിയേൽ, ഫാ. ലെസ്‌ലി പി. ചെറിയാനും





മാർച്ച് 28നു രാവിലെ പത്തു മുതൽ ധ്യാനവും തുടർന്ന് കുമ്പസാരവും, 29നു (ഞായറാഴ്ച) രാവിലെ എട്ടിനു വി. കുർബാനയും, ഓശാന ശുശ്രൂഷകളും നടന്നു.

ഏപ്രിൽ ഒന്ന് ബുധനാഴ്ച ആറിനു പെസഹാ ശുശ്രൂഷകളും, വിശുദ്ധ കുർബാനയും, ഏപ്രിൽ 3നു 8.30–നു ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകളും, നാലു ശനിയാഴ്ച പത്തിനു വിശുദ്ധ കുർബാനയും, അഞ്ചിന് അഞ്ചുമണിക്ക് ഉയിർപ്പിന്റെ ശുശ്രൂഷകളും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: സെക്രട്ടറി ബിജി ബേബി (972 965 6599), ട്രസ്റ്റി ഷിബു മാത്യു (214 402 5420).

## ഹാമിൽട്ടൻ സെന്റ് ജോൺസ് ഇടവകയിൽ

*ഹാമിൽട്ടൻ:* സെന്റ് ജോൺസ് ഇടവകയുടെ ഈ വർഷത്തെ പെസഹാ നമസ്കാരവും വിശുദ്ധ കുർബാനയും ഏപ്രിൽ ഒന്നിനു വൈകുന്നേരം 7.30നു 63 സ്റ്റോൺ ചർച്ച് റോഡ് വെസ്റ്റിലെ ഹാമിൽട്ടൻ അസീറിയൻ കാത്തോലിക് ചർച്ച് ഓഫ് ദി ഈസ്റ്റ് പള്ളിയിൽ ഫാ. അനൂപ് തോമസി(സഹവികാരി)ന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

എല്ലാ വിശ്വാസികളും ഭക്ത്യാദരപൂർവ്വം ഇതിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിക്കുവാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക്: ജെറി.കെ. ജോർജ് (ഇടവക സെക്രട്ടറി) 905 388 6353.

## ഷിക്കാഗോ സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളിയിൽ





*ഷിക്കാഗോ:* സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളിയിൽ ദുഃഖവെള്ളി, ദുഃഖശനി, ഈസ്റ്റർ ശ്രുശ്രൂഷകൾക്കു കുര്യാക്കോസ് മോർ തെയോഫീലോസ് മെത്രാപ്പോലീത്തയും ആദായി ജേക്കബ് കോറെപ്പിസ്കോപ്പായും നേതൃത്വം നൽകും. ഓശാന ഞായറാഴ്ച രാവിലെ 8.30നു പ്രഭാതപ്രാർത്ഥനയും തുടർന്ന് 9.15നു വിശുദ്ധ കുർബാനയും ഓശാന ശുശ്രൂഷകളും നടന്നു.

ഏപ്രിൽ ഒന്നിനു വൈകുന്നേരം ഏഴിന് സന്ധ്യാപ്രാർഥനയും തുടർന്ന് വിശുദ്ധ പെസഹാ കുർബാനയും നടക്കും.

മൂന്നു ദുഃഖവെള്ളിയാഴ്ച രാവിലെ ഒമ്പതിനു ശുശ്രൂഷകൾ ആരംഭിക്കും. വൈകുന്നേരം നാലോടുകൂടി ശുശ്രൂഷകൾ പര്യവസാനിക്കും. ശ്രുശ്രൂഷകൾക്കു കുര്യാക്കോസ് മോർ തെയോഫീലോസ് മെത്രാപ്പോലീത്ത നേതൃത്വം വഹിക്കും.

നാലു ദുഃഖ ശനിയാഴ്ച രാവിലെ ഒമ്പതിന് കുര്യാക്കോസ് മോർ തെയോഫീലോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ പ്രഭാതപ്രാർഥനയും തുടർന്ന് വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും. വൈകുന്നേരം 8.00 നു കുര്യാക്കോസ് മോർ തെയോഫീലോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിലും ആദായി ജേക്കബ് കോറെപ്പിസ്കോപ്പയുടെ സഹകാർമ്മികത്വത്തിലും സന്ധ്യാപ്രാർഥനയും തുടർന്ന് വിശുദ്ധ കുർബാനയും ഈസ്റ്റർ ശുശ്രൂഷകളും നടക്കും. ഏപ്രിൽ അഞ്ചിനു (ഞായറാഴ്ച) വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.

വിശ്വാസികൾ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുതമ്പുരാന്റെ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകളിൽ ആദ്യാവസാനം പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്നു വികാരി തേലപ്പിള്ളിൽ സഖറിയ കോറെപ്പിസ്കോപ്പ അഭ്യർഥിക്കുന്നു. ഏലിയാസ് പുത്തൂക്കാട്ടിൽ അറിയിച്ചതാണിത്.

# ലോക പ്രാർഥനാ ദിനം ആചരിച്ചു



**ജീമോൻ ജോർജ്**

*ഫിലാഡൽഫിയ:* എക്യുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള ലോക പ്രാർഥനാ ദിനം മാർച്ച് 7ന് സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടത്തി.

വ്യത്യസ്ത ദേവാലയങ്ങളിൽപ്പെട്ടവർ തമ്മിൽ പരസ്പരം ഒന്നിച്ചു പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ 28 വർഷങ്ങൾക്കു മുമ്പ് പ്രവർത്തനമാരംഭിച്ച എക്യുമെനിക്കൽ ഫെലോഷിപ്പ് ഇന്നു മലയാളി സമൂഹത്തിന്റെ മുഖ്യധാരയിൽ സ്വാധീനം ചെലുത്തുന്നതിലൂടെയുള്ള ചലനങ്ങൾ സൃഷ്ടിക്കുകയും ധാരാളം ചാരിറ്റി പ്രവർത്തനങ്ങളുടെ നേതൃത്വം മലയാളി സമൂഹത്തിൽ ഏറ്റെടുക്കുകയും ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി സെന്റർ എന്ന നൂതന ആശയത്തിന് അമേരിക്കയിൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ മുമ്പിൽ പ്രവർത്തനമികവുകൊണ്ട് അഭിമാനത്തോടുകൂടി നിലകൊള്ളുന്ന ഈ പ്രസ്ഥാനത്തിൽ ഫിലാഡൽഫിയായിലും പരിസരപ്രദേശങ്ങളിലുമുള്ള 21 ദേവാലയങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയ ലോക പ്രാർഥനാ ദിനത്തിലെ മുഖ്യാതിഥിയായി എത്തിയ ബിഷപ് ക്രെയിഗ് സിപോളോ (ആംഗ്ലിക്കൻ കമ്യൂണിറ്റി, ദക്ഷിണാഫ്രിക്ക) ദീപം തെളിച്ച് പരിപാടികൾക്കു തുടക്കം കുറിച്ചു.

മുഖ്യാതിഥികളെയും എക്യുമെനിക്കൽ പ്രധിനിധികളെയും വേദിയിലേക്കു ക്ഷണിക്കുന്ന ചടങ്ങിനു മീനു ജോണും റവ. ഷാജി ഈപ്പൻ സ്വാഗതവും പ്രർഥനാ ശുശ്രൂഷൾക്ക് റവ. ഷിബു മത്തായി (കോ ചെയർമാൻ) ലിസി തോമസ്, സോഫി തോമസ്, രേഷ്മ പടിയറ എന്നിവരും ഗാനശുശ്രൂഷകൾക്കു തോമസ് ഏബ്രഹാമും നേതൃത്വം നൽകി.

എല്ലാവരുടെയും ചിന്തയെ ബഹമാസിന്റെ ചരിത്രത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്ന തരത്തിലുള്ള ദൃശ്യാവിഷ്കാരം അണിയിച്ചൊരുക്കിയതു സുനിതാ ഫ്ലവർഹിൽ, നിർമല ഏബ്രഹാം (വേൾഡ് ഡേ പ്രയർ കോ–ഓർഡിനേറ്റർ) എന്നിവരും മനു കോളക്കോട്ട്, സോൺ വൽസൻ എന്നിവർ യൂത്ത് ക്വയർ നിയന്ത്രിക്കുകയും ചെയ്തു.

വിശുദ്ധ ബൈബിളിനെ അധികരിച്ച് നിരവധി പ്രഭാഷണങ്ങൾ വിവിധ വേദികളിൽ നടത്തുകയും ധാരാളം ക്രിസ്തീയ ലേഖനങ്ങൾ രചിക്കുകയും വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെ പ്രസക്തഭാഗങ്ങൾ ലളിതമായ ഭാഷയിൽ വിജ്ഞാന പ്രദമായി സീനാ ജോർജ് മുഖ്യപ്രഭാഷണം നടത്തി.

ലോക പ്രാർഥനാ ദിനത്തിലെ മുഖ്യ വിഷയം 'ഞാൻ എന്താണു നിങ്ങൾക്കു ചെയ്തു എന്ന് നിങ്ങൾ അറിയുന്നുവോ?' എന്നതായിരുന്നു. ആനി മാത്യു (സെക്രട്ടറി) നാട്ടിലേക്കു മടങ്ങുന്ന റവ. ഷാജി ഈപ്പൻ യാത്രാമംഗളങ്ങൾ നേർന്നു.

ക്രിസ്റ്റോസ് മാർത്തോമ ചർച്ചിൽനിന്നു റീനാ കോളക്കോട്ടിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച സ്കിറ്റ് കാണികളുടെ പ്രശംസ പിടിച്ചുപറ്റി. നയനമനോഹരമായി ബഹാമസിലെ സാംസ്കാരിക പാരമ്പര്യങ്ങളെ അധികരിച്ച് നൃത്തരൂപങ്ങളിൽ അവതരിപ്പിച്ചത് നിപുര ഡാൻസ് അക്കാദമി (കോറിയോഗ്രാഫ്, അജിപണിക്കർ) യിലെ നൃത്ത വിദ്യാർഥികൾ ആണ്.

വന്നുചേർന്ന എല്ലാവർക്കും സുമാ ചാക്കോ (വിമൻസ് കോഓഡിനേറ്റർ) നന്ദി അറിയിച്ചു. ആദരസൂചകമായി ഈ വർഷം തെരഞ്ഞെടുത്ത രാജ്യമായ ബഹാമസിന്റെ കൊടിയുടെ നിറമായ നീല നിറത്തിലുള്ള വസ്ത്രധാരണം ചെയ്താണു കൂടുതൽ പേരും ലോകപ്രാർഥനാ ദിനത്തിൽ എത്തിച്ചേർന്നത്. വൽസാ മാത്യുവിന്റെ നേതൃത്വത്തിൽ എല്ലാവർക്കും ഭക്ഷണവും നൽകി.

ഫാ. എം.കെ. കുര്യാക്കോസ്, സാലു യോഹന്നാൻ, ലൈലാ അലക്സ്, ജോബി ജോൺ, എന്നിവരുടെ നേതൃത്വത്തിലുള്ള എക്യുമെനിക്കൽ ഭാരവാഹികൾ ലോകപ്രാർഥനാ ദിനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

# പ്രതിഷ്ഠാ മഹോത്സവത്തിനൊരുങ്ങി ഹൂസ്റ്റൺ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രം

*ഹൂസ്റ്റൺ:* അരണി കടഞ്ഞെടുക്കുന്ന യാഗാഗ്നിയിൽ ഹോമകുണ്ഡങ്ങൾ ജ്വലിക്കുമ്പോൾ വേദമന്ത്രോച്ചാരണങ്ങളിൽ ലോകത്തിലെ ഊർജതലസ്ഥാനത്തിന്റെ അന്തരീക്ഷം അമരുമ്പോൾ അഞ്ജലീബദ്ധരായ ആയിരങ്ങൾക്കു മുന്നിൽ ശ്രീഗുരുവായൂരപ്പന്റെ ശ്രീകോവിൽ നട തുറക്കാൻ ഇനി ദിവസങ്ങൾ ബാക്കി.

ഏപ്രിൽ 18നു വൈകുന്നേരം ആരംഭിക്കുന്ന ആചാര്യവരണം എന്ന ചടങ്ങോടെ ക്രിയകൾക്കു തുടക്കമാകും. അന്നുതന്നെ കൊടിയേറ്റവും നടക്കും. ക്ഷേത്രം തന്ത്രി പ്രശസ്ത താന്ത്രികാചാര്യൻ ബ്രഹ്മശ്രീ കരിയന്നൂർ ദിവാകരൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ പത്തോളം നമ്പൂതിരിമാരാണു പ്രതിഷ്ഠാ ചടങ്ങുകൾ നടത്തുക.

ഏപ്രിൽ 23നു 10.30നും 12.30നും ഇടയിലെ വിശിഷ്ട മുഹൂർത്തത്തിലായിരിക്കും ഗുരുവായൂരപ്പന്റേയും ഉപദേവതകളായ ഗണപതി, അയ്യപ്പൻ, ഭഗവതി എന്നീ പ്രതിഷ്ഠകൾ നിർവഹിക്കുക. ചടങ്ങുകൾക്കു നിശ്ചയിക്കപ്പെട്ട താളമേളങ്ങൾ പ്രശസ്ത തായമ്പക വിദ്വാൻ പല്ലാവൂർ ജയദേവന്റെ നേതൃത്വത്തിൽ എത്തുന്ന ഏഴംഗസംഘമാണ്.

പ്രതിഷ്ഠാ ചടങ്ങുകൾക്കു നേതൃത്വം വഹിക്കാൻ കിട്ടുന്ന അപൂർവമായ ഈ അവസരം വിനിയോഗിക്കാൻ ആയിരങ്ങൾ എത്തിച്ചേരുമെന്നു സംഘാടകർ പ്രതീക്ഷിക്കുന്നു. അവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നകാര്യത്തിൽ സന്നദ്ധ സേവകർ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

രണ്ടാം ദിവസം നടക്കുന്ന ബിംബ പിരഗ്രഹം ആണു മറ്റൊരു പ്രധാന ചടങ്ങ്. ഇതു കേരളത്തിൽനിന്ന് എത്തിച്ച വിഗ്രഹം ആഘോഷമായി എഴുന്നള്ളിച്ച് ക്ഷേത്രത്തിനുള്ളിൽ എത്തിച്ച് ക്ഷേത്ര ഭാരവാഹികൾ ശിൽപ്പിയേയും ശിൽപ്പി ക്ഷേത്രം തന്ത്രിയേയും ഏൽപ്പിക്കുന്ന ചടങ്ങാണ്. ബിംബം ഏറ്റുങ്ങിക്കഴിഞ്ഞാൽ ദോഷപരിഹാരങ്ങൾക്കുള്ള 'അക്ഷഥഹോമം' ആയിരിക്കും. ശാരീരികമായ കുറവുകൾ പരിഹരിക്കാൻ ഈ ഹോമത്തിൽ പങ്കെടുക്കുന്നത് അതിവിശിഷ്ടമാണെന്നു തന്ത്രി അഭിപ്രായപ്പെട്ടു. അക്ഷതഹോമത്തിൽ പങ്കെടുക്കാനും സ്പോൺസർ ചെയ്യാനും അഭൂതപൂർവമായ തിരക്കാണെന്നു പ്രസിഡന്റ് രാജഗോപാല പിള്ള പറഞ്ഞു.

മൂന്നാംദിവത്തെ പ്രധാന ചടങ്ങ് 'പ്രസാദപരിഗ്രഹം' ആണ്. ക്ഷേത്രശരീരമായ ശ്രീകോവിൽ തന്ത്രിയെ ഏൽപ്പിക്കുന്ന ചടങ്ങാണ് ഇത്. അന്നുതന്നെ രണ്ട് പ്രധാന ഹോമങ്ങളും നടക്കും. ഇതിൽ പ്രധാനം രക്ഷോഘ്ന ഹോമം ആണ്. ക്ഷേത്രത്തിനും ഭക്തർക്കും ദുഷ്ടശക്തികളിൽ നിന്നു മോചനം നേടുന്ന അപൂർവ ഹോമം ആണിത്.

# ഹാശാ ആഴ്ച ശുശ്രൂഷകൾ

## ഫിലാഡൽഫിയ സെന്റ് പീറ്റേഴ്സ് സിറിയക് കത്തീഡ്രലിൽ

**ജോബി ജോർജ്**

*ഫിലാഡൽഫിയ:* സെന്റ് പീറ്റേഴ്സ് സിറിയക് കത്തീഡ്രലിലെ ഹാശാ ആഴ്ച ശുശ്രൂഷകൾ മാർച്ച് 28ന് ആരംഭിച്ചു. ഏപ്രിൽ അഞ്ചിന് ഈസ്റ്റർ ശുശ്രൂഷകളോട സമാപിക്കും.

യൂത്ത് റിട്രീറ്റിൽ യൂറോപ്പ് ഭദ്രാസനാധിപനും സെമിനാരി റെസിഡന്റ് ബിഷപ്പുമായ ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ് മുഖ്യ പ്രഭാഷണം നടത്തും. സെമിനാരി പ്രിൻസിപ്പൽ റവ. ഫാ. ഡോ.ആദായി ജേക്കബ് കോർ എപ്പിസ്കോപ്പായും റിട്രീറ്റിൽ പ്രസംഗിച്ച് ക്ലാസ് നയിക്കും. തുടർന്ന് 6.30 ന് സന്ധ്യ നമസ്കാരം.

29ന് രാവിലെ എട്ടിന് ആരംഭിച്ച ഓശാന ശുശ്രൂഷകൾക്ക് മാർ തെയോഫിലോസ് മുഖ്യകാർമികത്വം വഹിച്ചു. വികാരി ഫാ. ജോയി ജോൺ, ഫാ. ജോസ് ഡാനിയേൽ എന്നിവർ സഹകാർമികരായിരുന്നു.

തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ 6.30നു സന്ധ്യാനമസ്കാരം. ബുധൻ ആറിന് പെസഹ ശുശ്രൂഷകൾ ആരംഭിക്കും. തുടർന്ന് വിശുദ്ധ കുർബാന. വ്യാഴം 6.30നു സന്ധ്യാനമസ്കാരം.

ദുഃഖവെള്ളി രാവിലെ 8.30നു ശുശ്രൂഷകൾ ആരംഭിക്കും.

ദുഃഖശനി രാവിലെ 10.30നു പ്രഭാത നമസ്കാരം തുടർന്നു വിശുദ്ധ കുർബാന.

ഉയിർപ്പു ഞായർ പുലർച്ചെ അഞ്ചിനു ശുശ്രൂഷകൾ ആരംഭിക്കും. തുടർന്നു വിശുദ്ധ കുർബാന.

വിശദ വിവരങ്ങൾക്ക്: ഫാ. ജോയി ജോൺ 609 306 0180, ജോഷി കുറിയാക്കോസ് (സെക്രട്ടറി): 215 460 8411, സറിൻ കുരുവിള (ട്രസ്റ്റി) 267 471 5000.

# കാതോലിക്കദിനം ആഘോഷിച്ചു

**ജോർജ് തുമ്പയിൽ**



*ന്യൂയോർക്ക്:* ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ഇടവകയിൽ കാതോലിക്കാദിനം സമുചിതമായി ആഘോഷിച്ചു.

മാർച്ച് 22ന് വിശുദ്ധ കുർബാനയ്ക്കുശേഷം കൂടിയ യോഗത്തിൽ സെക്രട്ടറി കുരുവിള കോര കാതോലിക്കാ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഗായകസംഘം കാതോലിക്കാ മംഗളഗാനം ആലപിച്ചു. ഭദ്രാസനാംഗം അജിത് വട്ടശേരിൽ സന്ദേശം നൽകി.

ഭദ്രാസന തലത്തിൽ സപ്തതി കഴിഞ്ഞവരെ ആദരിക്കുന്നതിന്റെ ഭാഗമായി ഇടവകയിലെ സീനിയേഴ്സ് പ്രവാസിഫലകം അജിത് വട്ടശേരിൽ വിതരണം ചെയ്തു. ട്രസ്റ്റി ബിനോയ് മാത്യു സെഗ്മെന്റ് നയിച്ചു.

ഇടവക വികാരി ഫാ. ജോൺ തോമസ് ആലുമൂട്ടിൽ നേതൃത്വം നൽകി.

# യാത്രയയപ്പ് നൽകി

**ബെന്നി പരിമണം**

*ഷിക്കാഗോ:* മിഡ് വെസ്റ്റ് റീജൺ മാർത്തോമ യുവജന സഖ്യം റീജൺ പ്രസിഡന്റ് റവ. ഡാനിയേൽ തോമസ്, ഭദ്രാസന യുവജന സഖ്യം വൈസ് പ്രസിഡന്റ് റവ. ഷാജി തോമസ് എന്നിവർക്കു സമുചിതമായ യാത്രയയപ്പു നൽകി.

മാർച്ച് 28നു ഷിക്കാഗോ മാർത്തോമ ദേവാലയത്തിൽ വൈകുന്നേരം 6.30ന് നടന്ന സമ്മേളനത്തിൽ മൂന്നു വർഷത്തെ സ്തുത്യർഹ സേവനത്തിനുശേഷം സഭയുടെ ക്രമീകരണം അനുസരിച്ച് സ്ഥലം മാറിപ്പോകുന്ന റവ. ഡാനിയേൽ തോമസിനും റവ. ഷാജി തോമസിനും യാത്രാമംഗളങ്ങൾ നേർന്നു.

മാർത്തോമ യുവജന സഖ്യം പ്രസിഡന്റ് ജോസഫ് മാർ ബർണബാസ് എപ്പിസ്കോപ്പ സമ്മേളനത്തിൽ മുഖ്യതിഥായി പങ്കെടുത്തു.

വിവരങ്ങൾക്ക്: ലിബോയ് തോപ്പിൽ (വൈസ് പ്രസിഡന്റ്) 224 381 9484, ജേക്കബ് തോമസ് (ട്രഷറർ) 248 860 5523.

# മാസ്ക് അപ്സ്റ്റേറ്റ് ബോർഡ് ഓഫ് ട്രസ്റ്റീസ് ഭാരവാഹികൾ



# ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ഇരുപതാം വാർഷികം

**മാർട്ടിൻ വിലങ്ങോലിൽ**

*ഡാളസ്:* ഡാളസിലെ ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ഇന്ത്യക്കാരുടെ സംഘടനയായ ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ഇരുപതാം വാർഷികവും, നഴ്സസ് വാരാഘോഷവും വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു.

ആധുനിക നഴ്സിംഗ് സമ്പ്രദായത്തിനു തുടക്കമിട്ട ഫ്ളോറൻസ് നൈറ്റിംഗ്ഗേലിന്റെ ജന്മദിനത്തോടനുബന്ധിച്ചു നടക്കുന്ന നഴ്സസ് വാരാഘോഷങ്ങൾക്ക് മുന്നോടിയായി മെയ് രണ്ടിനാണ് ഇരുപതാം വാർഷികം നടക്കുക. എയർപോർട്ടിനടുത്തുള്ള ഏട്രിയം ഹോട്ടലാണ് ഇതിനായി ഒരുങ്ങുന്നത്.

ബാങ്ക്വറ്റ്, സാംസ്കാരിക പരിപാടികൾ, മ്യൂസിക് നൈറ്റ് ഉൾപ്പെടെ വിവധ പരിപാടികളോടെയാണ് വാർഷികം. ഹരിദാസ് തങ്കപ്പൻ നേതൃത്വം നല്കുന്ന പത്ത് അംഗ കമ്മറ്റിയാണ് ഈ വർഷം സംഘടനയെ നയിക്കുന്നത്.

ഇന്ത്യൻ നഴുസ്മാരുടെ നാഷണൽ സംഘടനയായ നഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (നൈന) യുടെ പ്രസിഡന്റ് സാറ ഗബ്രിയേൽ, മറ്റു പ്രതിനിധികൾ, ഇന്ത്യൻ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് ഡോ. ശ്രീനിവാസ് ഗുനുകുല തുടങ്ങി പ്രമുഖർ അതിഥികളായിരിക്കും.

നഴ്സസ് അസോസിയേഷൻ ഇന്ത്യൻ നഴ്സുമാർക്കായി വിവിധ സേവനങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ നല്കി വരുന്നത്. സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുവാനും ഇരുപതാം വാർഷികത്തിൽ പങ്കെടുക്കുവാനും ഏവരെയും സ്വാഗതം ചെയ്യുന്നതായി നഴ്സസ് അസോസിയേഷനു വേണ്ടി ഹരിദാസ് തങ്കപ്പൻ, ഏലിക്കുട്ടി ഫ്രാൻസീസ് (പബ്ലിക് റിലേഷൻ) എന്നിവർ ചേർന്ന് അറിയിച്ചു. വിവരങ്ങൾക്ക്: ഹരിദാസ് തങ്കപ്പൻ 214 908 5686.

# എക്യൂമെനിക്കൽ ഫെഡറേഷൻ പ്രാർത്ഥനാദിനം ഭക്തിനിർഭരമായി



*ന്യൂയോർക്ക്:* സെന്റ് തോമസ് എക്യൂമെനിക്കൽ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ലോക പ്രാർത്ഥനാദിനം ആചരിച്ചു.

എൽമോണ്ടിലെ സെന്റ് വിൻസെന്റ് ഡി പോൾ മലങ്കര കത്തോലിക്കാ പള്ളിയിൽ നടന്ന പ്രാർത്ഥനാദിനത്തിന് യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത മുഖ്യാതിഥിയായി. കേരളീയ വേഷമണിഞ്ഞ വനിതകളും വൈദീകരുമടങ്ങിയ സദസ് എതിരേറ്റു.

തുടർന്ന് വാദ്യസംഗീതം പ്രിയങ്ക തോമസിന്റെ നേതൃത്വത്തിൽ ആകർഷകമായി. ഗ്രേസി വർഗീസ് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. സിസ്റ്റർ കാഞ്ചന എസ്.ഐ.സി ബൈബിൾ പാരായണവും വിശദീകരണവും നടത്തി.

മറിയാമ്മ ഏബ്രഹാമിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച സ്കിറ്റ് ഏറെ പ്രശംസ നേടി. തുടർന്ന് ബഹാമസിനെപ്പറ്റിയുള്ള സ്ലൈഡ് ഷോ രാജ്യത്തിന്റെ സംസ്കാരവും ജീവിതവും തുറന്നുകാട്ടി.

ഫെഡറേഷൻ പ്രസിഡന്റ് റവ സാമുവേൽ ഉമ്മന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സിബു ജേക്കബ് സ്വാഗതം ആശംസിച്ചു.

വൈ.എം.സി.എ പോലുള്ള സംഘടനകളിലൂടെ എങ്ങനെ ദൈവവേല ചെയ്യാമെന്നതിനെപ്പറ്റി മെത്രാപ്പോലീത്ത സംസാരിച്ചു.

കഴിഞ്ഞവർഷത്തെ പ്രസിഡന്റ് റവ ജോജി മാത്യു, 2015 ലെ അത്മായ വൈസ് പ്രസിഡന്റ് റെജി വലിയകാലാ, സെന്റ് വിൻസെന്റ് ഡി പോൾ ചർച്ച് വികാരി റവ. സത്യൻ എന്നിവർ ആശംസകൾ നേർന്നു. ഗീവർഗീസ് മാത്യു നന്ദി പറഞ്ഞു. ട്രഷറർ ജിൻസൺ പത്രോസ്, ജോ. സെക്രട്ടറി കോശി, പ്രോഗ്രാം കൺവീനർ ഏബ്രഹാം സി. തോമസ്, വിമൻസ് ഫോറം നേതാവ് മിനി ഉമ്മൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# കേരള ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡയുടെ 'വിഷുക്കൈനീട്ടം' 17ന്

*മയാമി:* കേരളത്തനിമയുടെ അമേരിക്കൻ പതിപ്പായ ഫ്ളോറിഡയിൽ, മലയാളികളുടെ കാർഷികോത്സവമായ വിഷുവിനു മാറ്റുകൂട്ടാൻ കേരള ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡ (കെഎച്ച്എസ് എഫ്) ഒരുങ്ങുന്നു.

സ്വന്തമായി ഒരു പ്രാർഥനാമന്ദിരം എന്ന ലക്ഷ്യത്തിലേക്കു നീങ്ങുന്നതിന്റെ മുന്നോടിയായി ഈ വിഷുവിനു കെഎച്ച്എസ്എഫ് ഒരുക്കുന്ന 'സോളിഡ് ഫ്യൂഷൻ ടെംപ്റ്റേഷൻ' എന്ന പരിപാടി ഏപ്രിൽ 17നു വൈകുന്നേരം ആറിനു നടത്തുന്നു.

മലയാളികളുടെ ഗായികസങ്കൽപ്പങ്ങൾക്കു പുതിയ മാനങ്ങൾ നൽകിയ റിമി ടോമി, സംഗീത മാന്ത്രികൻ സ്റ്റീഫൻ ദേവസിയും അദ്ദേഹത്തിന്റെ ബാന്റും ഉൾപ്പെടുന്ന പതിനഞ്ചോളം കലാകാരന്മാരെ അണിനിരത്തി നടത്തുന്ന ഈ സംഗീതപ്രപഞ്ചത്തിലേക്ക് എല്ലാ മലയാളികളെയും സ്വാഗതം ചെയ്തു.

പരിപാടികൾക്ക് മാറ്റുകൂട്ടാൻ ആറു മുതൽ വിഭവസമൃദ്ധമായ വിഷു സദ്യ, വിഷുക്കണി എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

വിലാസം: Coral Spring High School Auditorium, 7201 West Sample Road, Coral Springs 33065.

കൂടുതൽ വിവരങ്ങൾക്ക്: 786 371 4694, 754 265 9978, 954 609 8650. പത്മകുമാർ കെ.ജി 305 776 9376.

**വാർത്തകൾക്ക്...**

Tel: 267-991-211 e-mail

:georgethazhakara@gmail.com

# നിര്യാതരായി

## ജോസ് മാധവപ്പള്ളി



*ന്യൂപോർട്ട് റിച്ചി, ഫ്ളോറിഡ:* ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും, താമ്പാബേ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റും ആയിരുന്ന ജോസ് മാധവപ്പള്ളി (60) നിര്യാതനായി.

നീസ് കൺട്രിസൈഡ് ആശുപത്രിയിൽ വെച്ചായിരുന്നു അന്ത്യം. കോട്ടയം മാധവപ്പള്ളിയിൽ പരേതനായ എ.കെ. കുര്യാക്കോസിന്റേയും അന്നക്കുട്ടി കുര്യാക്കോസിന്റേയും പുത്രനാണ്.

ഭാര്യ ലീലാമ്മ ജോസ് (മോർട്ടിൻ പ്ലാന്റ് നോർത്ത് ബേ ഹോസ്പിറ്റൽ സ്റ്റാഫ് നേഴ്സ്). മക്കൾ: ജെറിൻ മാധവപ്പള്ളി, ജസ്റ്റിൻ മാധവപ്പള്ളി.

സഹോദരങ്ങൾ: ലീലാമ്മ- സുനിൽ മ്ലാവില തുണ്ടത്തിൽ (ഇറ്റലി), ജോർജ്- മിനി മാധവപ്പള്ളിൽ (താമ്പാ), ആലീസ് - സണ്ണി, മാത്യു - ആൻസി മാധവപ്പള്ളിൽ, മോൻസി - നിബു മാക്കിൽ (എല്ലാവരും ഇന്ത്യ).

കെസിസിഎൻഎയുടേയും ഫോമയുടേയും പ്രസിഡന്റായിരുന്ന ബേബി ഊരാളിലിന്റെ മാതൃസഹോദര പുത്രനാണ്.

പൊതുദർശനം ഏപ്രിൽ 1 ബുധനാഴ്ച 4 മുതൽ 6 വരെ ക്നാനായ കമ്യൂണിറ്റി സെന്ററിൽ (2620 വാഷിംഗ്ടൺ റോഡ്, വാൽറിക്കോ, ഫ്ളോറിഡ 33594), തുടർന്ന് 6.30 മുതൽ 9 വരെ ദിവ്യബലിയും പ്രത്യേക പ്രാർഥനയും (സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് ചർച്ച് 3920, സൗത്ത് കിംഗ് റോഡ് ബ്രാണ്ടൺ, ഫ്ളോറിഡ 33551).

സംസ്കാര ശുശ്രൂഷകൾ 2 വ്യാഴാഴ്ച 10 മുതൽ (ഔവർ ലേഡി ക്യൂൻ ഓഫ് പീസ് ചർച്ച് - 5340, ഹൈ സ്ട്രീറ്റ്, ന്യൂപോർട്ട് റിച്ചി, ഫ്ളോറിഡ 35652).

അടക്കശുശ്രൂഷയും മന്ത്രയും Curlew Hills Menory Gardens, 1750 Curlew Road, Palm Harbor, Florida 34083, Ph 727 789 2000.

കൂടുതൽ വിവരങ്ങൾക്ക്: അലക്സ് ജോൺ 727 482 3171), ഫ്രാൻസീസ് തോമസ് (727 271 7517), ബിനു മാമ്പിള്ളി (941 580 2205), സുനിൽ മാധവപ്പള്ളി (813 504 2991), സജി കരിമ്പന്നൂർ (813 263 6302). **സജി കരിമ്പന്നൂർ** അറിയിച്ചതാണിത്.

## അമ്മിണി



*ന്യൂജേഴ്സി:* കോഴഞ്ചേരി കിടങ്ങാലിൽ പരേതനായ കെ.കെ. തോമസിന്റെ ഭാര്യ അമ്മിണി തോമസ് (86) നിര്യാതയായി. സംസ്ക്കാരം മാർച്ച് 30നു തിങ്കളാഴ്ച്ച അഭിവന്ദ്യ ഡോ.സഖറിയാസ് മാർ തിയോഫിലസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മ പള്ളിയിൽ നടന്നു. പരേത തലവടി മാമ്മൂട്ടിൽ കുടുംബാംഗമാണ്

മക്കൾ: ഗ്രേസി അലക്സാണ്ടർ (ബാംഗ്ലൂർ), ബാബു കെ. തോമസ്, ലില്ലി തോമസ് (ന്യൂജേഴ്സി ), രാജു കെ. തോമസ്, മാമ്മൻ കെ.തോമസ്. മരുമക്കൾ: പരേതനായ അലക്സാണ്ടർ, മാത്യു തോമസ്, കൊച്ചുമോൾ. കൂടുതൽ വിവരങ്ങൾക്ക്: 8563820625, 919495725725 (ഇന്ത്യ).

വാർത്ത നൽകിയത്: ഫിലിപ്പ് മാരേട്ട്

## മത്തായി ജോസഫ്



*ഡാളസ്:* ഇടുക്കി തോപ്രാംകുടി കുളത്തുങ്കൽ മത്തായി ജോസഫ് (കുഞ്ഞ്- 77) നിര്യാതനായി.

സംസ്കാരം തോപ്രാംകുടി സെന്റ് മരിയാ ഗൊരേത്തി പള്ളിയിൽ മാർച്ച് 30ന് നടന്നു. ഏലപ്പാറ തുണ്ടത്തിൽ കുന്നേൽ മറിയക്കുട്ടിയാണു ഭാര്യ. വാകത്താനം പഴഞ്ചിറ വീട്ടിൽ മേരി രാജൻ ഏക സഹോദരിയാണ്. ഡാളസ് കരോൾട്ടൻ മാർത്തോമ്മാ ചർച്ച് ഇടവകാംഗവും ഗ്ലാസ് ഫ്ളോസ് ഇൻഡസ്ട്രീസ് ഐടി വിഭാഗം ഡയറക്ടറുമായ ജുബി അലക്സാണ്ടറുടെ ഭാര്യാപിതാവാണ്.

ഷിജി ജോൺ (എലിക്കുളം) ഷാജി (തോപ്രാംകുടി) ഷൈനി (ഡാലസ് മെഡിക്കൽ സെന്റർ) ഷാന്റി ബിജു (മുണ്ടക്കയം) ഷൈബി (പൊന്മുടി) എന്നിവർ മക്കളും ജോണി, സിനി, ജുബി, ബിജു, സുരേഷ എന്നിവർ മരുമക്കളുമാണ്.

വാർത്ത നൽകിയത്: ഷാജി രാമപുരം

# എസ്എംസിസി പച്ചക്കറി തൈകൾ വിതരണം ചെയ്തു




*മയാമി:* 'എല്ലാവർക്കും വീട്ടിലൊരു കൃഷിത്തോട്ടം' എന്ന പദ്ധതിയുടെ ഭാഗമായി സീറോ മലബാർ കാത്തലിക് കോൺഗ്രസ് (എസ്.എം. സി.സി) ഫ്ളോറിഡ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22-നു ഞായറാഴ്ച രാവിലെ ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ചർച്ച് അങ്കണത്തിൽ വെച്ച് നാനൂറോളം കൃഷിത്തൈകൾ സൗജന്യമായി വിതരണം ചെയ്തു.

ചെറിയ കൂടുകളിൽ പാകി മുളപ്പിച്ച് ഒരുമാസം പ്രായമായ പാവൽ, പടവലം, പയർ, ചീനി, ചീര, വെണ്ട, വഴുതന, കുമ്പളം, ചുരയ്ക്ക മുതൽ കപ്പ (മരച്ചീനി) തണ്ട് വരെ വിതരണത്തിനുണ്ടായിരുന്നു. ഇതിനു പുറമെ ഈവർഷം ഗ്ലാഡിയോലസ് പുഷ്പത്തിന്റെ വിത്തുകളും സൗജന്യമായി ഏവർക്കും നൽകി.

രാവിലെ പത്തിനു പള്ളി അങ്കണത്തിൽ ചേർന്ന മീറ്റിംഗിൽ വികാരി റവ.ഫാ. കുര്യാക്കോസ് കുമ്പക്കീൽ, ഏലിക്കുട്ടി ഇല്ലിക്കലിനു ആദ്യ തൈ നൽകി എസ്.എം.സി.സിയുടെ ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. വിളവുകൾ ലഭിക്കുമ്പോൾ അതിലൊരു വിഹിതം മറ്റുള്ളവർക്കുകൂടി പങ്കുവെയ്ക്കാൻ മറക്കരുതെന്നും ഏവരേയും ഓർമ്മിപ്പിച്ചു.

എസ്എംസിസി പ്രസിഡന്റ് ജോയി കുറ്റ്യാനി, ഈ പദ്ധതിക്ക് നേതൃത്വം നൽകിയ മാത്യു പൂവൻ, ജിജി ചാക്കോ എന്നിവരെ എസ്.എം.സി.സിയുടെ പേരിൽ അഭിനന്ദിച്ചു. സെക്രട്ടറി അനൂപ് പ്ലാത്തോട്ടം ഏവർക്കും നന്ദി പറഞ്ഞു.

മത്തായി വെമ്പാല, സാജു വടക്കേൽ, ബാബു കല്ലിടുക്കിൽ, ട്രീസ ജോയി, ജിമ്മി ജോസ്, മാത്യു മത്തായി, ഷിബു ജോസഫ്, ജോജി ജോൺ, ജിൻസി ജോബിഷ്, ബേബി നടയിൽ, രാജി ജോമി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ഫിലാഡൽഫിയായിൽ പമ്പ കുടുംബസംഗമവും മാതൃദിനാഘോഷവും 2ന്



*ഫിലാഡൽഫിയ:* പമ്പ മലയാളി അസോസിയേഷന്റെ 2015 ലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും കുടുംബ സംഗമവും മാതൃദിനാഘോഷവും സംയുക്തമായി 2ന് നോർത്ത് ഈസ്റ്റ് ഫിലാഡൽഫിയായിലെ അസൻഷൻ ചർച്ച് ഹാളിൽ 10197 നോർത്ത് ഈസ്റ്റ് അവന്യൂ ഫിലാഡൽഫിയ 19115 ൽ നടക്കും.

സേവന പാതയിൽ 15 വർഷങ്ങൾ പിന്നിടുന്ന പമ്പ മലയാളി അസോസിയേഷൻ 2ന് വനിതാദിനമായി കൊണ്ടാടുന്നു. ഇതിനോടനുബന്ധിച്ചുള്ള കുടുംബ സംഗമത്തിന്റെയും വാർഷിക ബാങ്ക്വറ്റിന്റെയും കിക്കോഫ് മാർച്ച് 29ന് പമ്പ ഓഫീസിൽ നടന്നു.

പമ്പ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ തമ്പി ചാക്കോയും ട്രൈസ്റ്റേറ്റ് കേരള ഫോറം ചെയർമാൻ രാജൻ സാമുവലിനും ടിക്കറ്റുകൾ നൽകിക്കൊണ്ടായിരുന്നു കിക്കോഫ്. 2ന് വൈകിട്ട് ആറിനു ചേരുന്ന പൊതു സമ്മേളനത്തിൽ ഫൊക്കാന പ്രസിഡന്റ് മുഖ്യ അതിഥിയായിരിക്കും. യുഎസ് കോൺഗ്രസ്മാൻ ബ്രണ്ടൻ ബോയൽ, ഫിലാഡൽഫിയ മുൻ ഡിസ്ട്രിക്ട് അറ്റോർണി ലിൻ ഏബ്രഹാം റവ. ഡോ. മാത്യു മണക്കാട്ട് എന്നിവരും പങ്കെടുക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ അമ്മമാരെ ആദരിച്ചു. വി.വി. ചെറിയാൻ കോ-ഓർഡിനേറ്ററും തമ്പി ചാക്കോ കൺവീനറുമായ വിപുലമായ കമ്മിറ്റിയാണ് ഇതിനായി പ്രവർത്തിക്കുന്നത്. പ്രസാദ് ബേബിയുടെയും നേതൃത്വത്തിൽ കലാസാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് : ജോർജ് ഓലിക്കൽ (പ്രസിഡന്റ്) : 215 873 4365, വി.വി. ചെറിയാൻ (കോ-ഓർഡിനേറ്റർ) : 215 806 3802, തമ്പി ചാക്കോ (കൺവീനർ): 610 331 7923, അലക്സ് തോമസ് (ജനറൽ സെക്രട്ടറി) : 215 850 5268, ഫിലിപ്പോസ് ചെറിയാൻ (ട്രഷറർ) : 215 605 7310.

# ബോർഡ് ഓഫ് ട്രസ്റ്റീസ് രൂപീകരിക്കുന്നു

*സൗത്ത് കരോളിന:* മലയാളി അസോസിയേഷൻ ഓഫ് സൗത്ത് കരോളിന അപ്പ് സ്റ്റേറ്റ് (മാസ്ക് അപ്പ്സ്റ്റേറ്റ്) ബിഒടി പ്രസിഡന്റ് ജോസ് മോടൂർ, സെക്രട്ടറി കൊച്ചുമോൻ നിരണം, അംഗങ്ങളായി വി. എസ് ജോസഫ്, ആനന്ദ് കുമാർ, വർക്കി ജോർജ്, ജേക്കബ് ഫിലിപ്പോസ് ജെഫി ജോസഫ് എന്നിവർ മേയ് പത്തിനു ചുമതല ഏറ്റെടുക്കും. മൂന്നു വർഷമാണ് കാലാവധി.







# സിനിമയും നവ മാധ്യമങ്ങളും

**എൻ. മുരാരിശംഭു**

ഗുട്ടൻബർഗും മാർക്കോണിയും ബേർഡും സമന്വയിക്കുന്ന ഇന്റർനെറ്റ് നമ്മുടെ നവ മാധ്യമങ്ങളുടെ ആണിക്കല്ലായി പ്രവർത്തിക്കുന്നു. വർത്തമാനപ്പത്രങ്ങളിൽ നിന്നു തുടങ്ങി ഇന്നുവരെ എത്തിനിൽക്കുന്ന മാധ്യമങ്ങൾ വരെ അതാതു കാലത്തിന്റെ സമൂഹത്തെയും സംസ്കാരത്തിന്റെയും ഗതിവിഗതികളെ സ്വാധീനിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്. വംശീയവും സാമൂഹികവുമായ നിരവധി കാരണങ്ങളാൽ ഉച്ചനീചത്വങ്ങൾ അനുഭവിച്ച ഒരു കാലഘട്ടത്തിൽ നിന്ന് നമ്മെ ഇന്നത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമെന്ന നിലയിലേക്കെത്തിക്കുന്നതിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. അവ ഇന്നും ആ ധർമ്മം തുടർന്നുകൊണ്ടിരിക്കുന്നു. ആഗോളീകരണകാലത്തെ മലയാളിക്കും മലയാളത്തിനും ഈ പുതിയ മാധ്യമസംസ്കാരത്തിന്റെ പരിസരത്തെ അഭിമുഖീകരിക്കാതെ കടന്നുപോകാൻ സാധ്യമല്ലതന്നെ.

വെബ്സൈറ്റുകൾ, ബ്ലോഗുകൾ, മൊബൈൽ നെറ്റ് വർക്ക്, സോഷ്യൽ നെറ്റുവർക്കുകൾ, വീഡിയോ ഷെയറിംഗ് സൈറ്റുകൾ, സിഡി, ഡിവിഡി, ഓൺലൈൻ വിജ്ഞാന കോശങ്ങൾ തുടങ്ങിയ ആശയ - വിനിമയ - വിതരണ രംഗത്തെ വ്യവഹാരശൃംഗലയാണ് പൊതുവെ നവമാധ്യമരംഗമായി അറിയപ്പെടുന്നത്.

കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും ശക്തിയേറിയ ബഹുജന മാധ്യമമായിരുന്നു സിനിമ. സാഹിത്യ-നാടക-സംഗീതാദി കലകളുമായി ബന്ധപ്പെട്ട് വളർച്ചപ്രാപിച്ച ദൃശ്യപ്രധാനമായ ഈ കലാരൂപം വിനോദം പ്രദാനം ചെയ്യുന്ന ഒരു മാധ്യമമായിട്ടാണ് പുതിയകാലത്ത് ഏറെയും കണക്കാക്കപ്പെടുന്നത്. വെളിച്ചത്ത് ചിത്രീകരിച്ച് ഇരുട്ടത്ത് പ്രദർശിപ്പിക്കുന്ന ഈ കലാരൂപം വികസിപ്പിച്ചെടുത്തത് ലൂമിയർ സഹോദരന്മാരായിരുന്നു.

ചരിത്രത്തിന്റെ അനിവാര്യതയെന്നോണം ഈ 'മഹത്തായ കല' (ലെനിൻ) നമ്മുടെ നാട്ടിലും അവതരിക്കപ്പെട്ടു. നിശബ്ദതയിൽ നിന്ന് ശബ്ദതയിലേക്കും ബ്ലാക്ക് & വൈറ്റിൽ നിന്ന് ഈസ്റ്റുമാൻ കളറിലേക്കും പിന്നെപ്പിന്നെ സിനിമാസ്കോപ്പ്, 3ഡി തുടങ്ങിയ വേഷപ്പകർച്ചകൾക്കൊടുവിൽ ന്യൂജനറേഷൻ ടെക്നിക്കുകളിൽ വരെ എത്തിനിൽക്കുന്നു നമ്മുടെ സിനിമ.

മലയാളിയുടെ സ്വത്വപരിണാമത്തിനും സാമൂഹിക ഇടപെടലുകളിലും വലിയ സ്വാധീനം സൃഷ്ടിച്ച ഈ കലാരൂപം നാടകത്തിന്റെ തുടർച്ചയെന്നോണമാണ് ഇവിടെ അവതരിക്കപ്പെട്ടത്. ജാതി മത ചിന്തകൾ വേരോടിയിരുന്ന ഒരു സമൂഹത്തിൽ ഉണ്ടായ തീയേറ്റർ സങ്കല്പം ആഭിജാത വർഗ്ഗത്തെ തെല്ലൊന്നുമല്ല പരിഭ്രമത്തിലാഴ്ത്തിയത്. വിഭാഗീയ ചിന്തകൾക്ക് അതീതമായ കൊച്ചു സമൂഹങ്ങൾ തിയേറ്ററുകളിൽ നിന്ന് രൂപപ്പെടുമെന്ന് അവർ ഭയന്നിരിക്കണം. അതുകൊണ്ടുതന്നെ ചരിത്രത്തിൽ, വർണ്ണവെറിയുടെ കറുത്ത പാടുകൾ തീർത്ത സംഭവങ്ങൾ നമ്മുടെ സിനിമ ചരിത്രവുമായി ബന്ധപ്പെട്ടുകിടപ്പുണ്ട്. തീയേറ്ററുകൾ അടച്ചുപൂട്ടിക്കാനും നശിപ്പിക്കാനും ഉള്ള ശ്രമങ്ങളും 'വിഗതകുമാരൻ' സിനിമയും ഒക്കെ ചില അറിയപ്പെടുന്ന ദൃഷ്ടാന്തങ്ങൾ മാത്രം. തീയേറ്ററിൽ പോയി സിനിമ കാണുന്നതു തന്നെ അധമസഞ്ചാരത്തിന്റെ ഭാഗമാണെന്ന് നമ്മെ നോക്കി ആക്രോശിച്ച ഒരു കാലമുണ്ടായിരുന്നല്ലോ.

സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, ശിൽപ്പകല, നൃത്തം, നാടകം എന്നിങ്ങനെ വിവിധ കലകളുടെ സ്വാധീനവും സംയോജനവും സിനിമയിലുണ്ടെന്ന് പറഞ്ഞല്ലോ. സമൂഹത്തിന് നൽകാനുള്ള സന്ദേശത്തെ വ്യക്തമായി പ്രതിഫലിപ്പിക്കാൻ കഴിയുന്ന മാധ്യമമാണ് സിനിമ. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളുടെ ജനാധിപത്യവത്ക്കരണം നമ്മുടെ സിനിമയുടെ വളർച്ചയ്ക്കും ഏറെ സഹായകമായി. പിന്നീട് സിനിമ ജീവിതത്തിന്റെ ഭാഗമാകുകയും ഒരു കലാരൂപമെന്ന നിലയിൽ അതിന്റെ സമ്പൂർണ്ണാധിപത്യം സമൂഹത്തിൽ സ്ഥാപിച്ചെടുക്കുകയും ചെയ്തു

ചലനമാണ് ചലച്ചിത്രത്തിന്റെ ജീവൻ. വസ്തുക്കളുടെ (objects) ചലനത്തെയും ക്യാമറയുടെ ചലനത്തേയും അർത്ഥവത്തായി ഉപയോഗിച്ച് സർഗ്ഗധനരായ ചലച്ചിത്രകാരന്മാർ വ്യത്യസ്ത ഭാവതലങ്ങൾ സൃഷ്ടിച്ച് സിനിമയെന്ന മാധ്യമത്തിനെ നമ്മുടെ കാഴ്ചയുടെ പുതിയ ശീലങ്ങളായി രൂപപ്പെടുത്തി.

1990 മുതൽ മലയാളിയുടെ ജീവിതം ടെലിവിഷനനുസരിച്ച് ചിട്ടപ്പെടുത്തിത്തുടങ്ങി. തുടക്കത്തിൽ വിദ്യാഭ്യാസ കാർഷിക രംഗങ്ങളുമായി വന്ന വാർത്താധിഷ്ഠിത പരിപാടികളിൽ നിന്ന് ക്രമേണ പ്രേക്ഷകസമൂഹത്തെ തൃപ്തിപ്പെടുത്താനായി കോമഡികൾ, സിനിമാഗാനങ്ങൾ, പരമ്പരകൾ തുടങ്ങിയ വിനോദപ്രദമായ പരിപാടികളിലേക്ക് ടെലിവിഷൻ മുഖം തിരിച്ചതോടെ വായനശാലകൾപോലുള്ള പൊതു ഇടങ്ങളിൽ നിന്ന് ഒരു ഗാർഹിക ഉപഭോഗ വസ്തുവായി ടിവി. സ്ഥാനം പിടിച്ചു. ആദ്യകാലത്ത് നഗര കേന്ദ്രീകൃതമായ ഒരു പ്രേക്ഷക സമൂഹമായിരുന്നെങ്കിൽ പിന്നീട് നാടിന്റെയും നഗരത്തിന്റെയും വിനോദപ്രസരണ കേന്ദ്രമായി ടെലിവിഷൻ ഇന്ന് ഓരോ കുടുംബവും വ്യത്യസ്ത അഭിരുചികളുടെ കാഴ്ച്ചക്കാരായുള്ള ഓരോ ചെറിയ പ്രേക്ഷകസമൂഹമാണ്. സ്വകാര്യ ചാനലുകൾ കൂടി എത്തിയതോടെ കുടുംബങ്ങളിൽത്തന്നെ ഏകാംഗ സമൂഹങ്ങളും രൂപപ്പെട്ടു.

നവമാധ്യമങ്ങളുടെ നെടുംതൂണായ ഇന്റർനെറ്റ് ഇവയെയെല്ലാം കീഴടക്കി പുതിയൊരു ദൃശ്യസംസ്കാരത്തിന്റെ ചാലകശക്തിയായി മാറുന്ന കാഴ്ചയാണിന്ന് നാം കാണുന്നത്.

ലക്ഷങ്ങളോ കോടികളോ മുടക്കിയാൽ മാത്രമേ ഒരു സിനിമ എന്ന സങ്കല്പം യാഥാർത്ഥ്യമാകൂ എന്ന നിലയിൽ നിന്ന് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. സിനിമയുടേതായ പരമ്പരാഗത സങ്കല്പങ്ങളും മാറ്റിമറിക്കപ്പെടുന്നു. പ്രഗത്ഭരായ സംവിധായകനും താരമൂല്യമുള്ള നടീനടന്മാരും മറ്റു സാങ്കേതിക വിദഗ്ദ്ധരും അടങ്ങിയ ഒരു സംഘം തന്നെ സിമിമ ചെയ്താലേ അത് പ്രേക്ഷകരിലേക്കെത്തു എന്നതായിരുന്നല്ലോ ഇന്നലെവരെയുണ്ടായിരുന്ന സിനിമയുടെ തത്വം. എന്നാൽ ഇന്നാകട്ടെ നവ മാധ്യമങ്ങൾ സിനിമയെ നിയന്ത്രിക്കുന്ന നിലയിലെത്തിയിരിക്കുന്നു കാര്യങ്ങൾ.

### സോഷ്യൽ മീഡിയയും സിനിമയും

സിനിമാ നിർമ്മാണത്തിനും പ്രചരണത്തിനും ഫേസ്ബുക്ക്, ടിറ്റർ, യുട്യൂബ്, ബ്ലിപ് ടിവി. തുടങ്ങിയ സോഷ്യൽമീഡിയകളിൽ വൻ സാധ്യതകളാണുള്ളത്. സോഷ്യൽ മീഡിയ വഴി സിനിമയുടെ മാർക്കറ്റിംഗും നടക്കുന്നുണ്ടല്ലോ. യൂറോപ്പിൽ സാമ്പത്തിക പ്രസിസന്ധി നേരിട്ടപ്പോൾ സിനിമയെടുക്കുന്നതിന് സോഷ്യൽ മീഡിയയിലൂടെ പണം കണ്ടെത്തിയ വാർത്തകൾ നാം വായിച്ചിരുന്നല്ലോ.

ലോകത്തോട് സംവദിക്കാൻ നമ്മെ സഹായികകുന്ന ഇന്റർനെറ്റിലെ ബഹുമുഖ സംവിധാനമായ വെബ്സൈറ്റുകൾ സിനിമയെന്ന ബിഗ് സ്ക്രീൻ കലാരൂപത്തെ തങ്ങളുടെ ചൊൽപ്പടിയിലാക്കിയിരിക്കുന്നു എന്നുവേണമെങ്കിൽ പറയാം.

നമ്മുടെ സിനിമയുടെ പുതിയ പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിൽ വീഡിയോ ഷെയറിംഗ് നെറ്റുവർക്കുകൾക്ക് അഗണ്യമായ സ്ഥാനമാണുള്ളത്. ഇന്റർനെറ്റിലേക്ക് വീഡിയോ ചിത്രീകരണങ്ങൾ ചേർക്കാനും മറ്റുള്ളവർക്കായി അത് പ്രദർശിപ്പിക്കുവാനും അവസരം നൽകുന്ന സംവി

കഥ

# ഇയ്യോബ് പറഞ്ഞതെന്തെന്നാൽ...

ജോർജ് തഴക്കര





**ഇയ്യോബേ, നിന്നെ പരീക്ഷിച്ചതിലൂടെ ആരാണ് യഥാർത്ഥത്തിൽ വിജയിച്ചത് ?**
**'രണ്ടുപേരും വിജയിച്ചു.'**
**'ഒരേ മത്സരത്തിൽ രണ്ടുവിജയമോ?'**
**'എനിക്കുള്ളതെല്ലാം നഷ്ടമായാലും ഞാൻ ദൈവത്തെ തള്ളിപ്പറയില്ലായെന്ന് ദൈവത്തിനറിയാമായിരുന്നു. അത് ദൈവത്തിന്റെ വിജയമായി. കുറ്റമറ്റവനെന്നും നീതിമാനെന്നും ദേശവാസികളെല്ലാം പറഞ്ഞ എന്റെ ജീവിതത്തെ കർച്ചയിലൂടെ സാത്താനും വിജയിച്ചു.'**
**'രണ്ടുപേരുടെയും വിജയത്തിനുവേണ്ടി ജീവിതവും സ മ്പത്തും സന്തോഷവും നഷ് ടപ്പെടുത്തിയ ഇയ്യോബേ, നീ നിന്റെ വിധിയെ സ്വീകരിക്കുകയായിരുന്നുവോ?' എന്നിലെ സംശയം ഞാൻ മറച്ചുവെച്ചില്ല.**

ഇയ്യോബ് കുറ്റമറ്റവനും പരമാർത്ഥിയുമാണ്. അയാൾക്ക് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരുമാണുണ്ടായിരുന്നത്. ഏഴായിരം ആടും മൂവായിരം ഒട്ടകവും അഞ്ഞൂറു ഏർ കാളയും അഞ്ഞൂറ് പെൺകഴുതയും ഉണ്ടായിരുന്നു. ഇവയെയൊക്കെ നോക്കിനടത്തുന്നതിനും തീറ്റിപ്പോറ്റുന്നതിനുമായി ധാരാളം നോട്ടക്കരും ദാസന്മാരുമുണ്ടായിരുന്നു.

ഇത്രവലിയ സമ്പത്തും സാഹചര്യവുമുള്ള ഇയ്യോബ് ജീവിതത്തിൽ പൂർണ്ണമായും കുറ്റമറ്റവനാകുമോ?

ഇയ്യോബേ, നിന്നെക്കുറിച്ച് ഞാൻ വായിച്ചപ്പോൾ ആദ്യം എന്നിൽ ഉയർന്ന ചോദ്യമാണിത്. പത്തുമക്കളോടും നീ ഒരേ രീതിയിലായിരിക്കുമോ ഇടപ്പെട്ടത്. ഏതെങ്കിലും മകന്റെ കഴിവിൽ പ്രത്യേകമായി നീ സന്തോഷിക്കുകയും ആരുടെയെങ്കിലും കുറവിൽ നീ വിഷമിക്കുകയും ചെയ്തിട്ടുണ്ടാവില്ലെ. നിന്നോടുള്ള അവരുടെ പെരുമാറ്റത്തിലും അന്തരം ഉണ്ടാവില്ലെ? എല്ലാ കാര്യങ്ങളിലും നീ എല്ലാവരേയും ഒരുപോലെകൂട്ടിയിരുത്തിയാണ് ആലോചിച്ചിരുന്നത്.

കിഴക്കൻ ദേശത്ത് ഇയ്യോബ് പ്രമുഖനായിരുന്നുവത്രെ. ആ പ്രമുഖതയിൽ അസൂയപൂണ്ടവരും കിഴക്കൻ നാട്ടിൽ ഇല്ലെന്നുവരുമോ.

ഇങ്ങനെയൊക്കെയുള്ള ചോദ്യങ്ങളുമായിട്ടാണ് ഞാൻ ഇയ്യോബിനെ സന്ദർശിച്ചത്.

ഇയ്യോബ് പുലർച്ചയിൽ എഴുന്നേറ്റ് ബലി അർപ്പിച്ചിരുന്നു. തന്റെ പാപത്തിനുവേണ്ടി മാത്രമായിരുന്നില്ല. തന്റെ പുത്രന്മാരും പാപം ചെയ്തിട്ടുണ്ടാവാം. അവർക്കുവേണ്ടികൂടിയാണ് ഇയ്യോബ് ബലി അർപ്പച്ചിരുന്നത്.

യൗവയുക്തകളായ മൂന്നു പെൺമക്കളാണ് ഇയ്യോബിനുണ്ടായിരുന്നത്. അവർ പാപം ചെയ്തെന്നുവരില്ല. പക്ഷെ, പാപചിന്തയിൽനിന്നും വിട്ടുനിൽക്കുവാൻ അവർക്കു കഴിയുമായിരുന്നുവോ?

ഇങ്ങനെയൊക്കെയുള്ള സംശയങ്ങൾ എന്നെ അലട്ടിയിരുന്നു.

ഞാൻ എന്നെ ഇയ്യോബിനു പരിചയപ്പെടുത്തി.

ഇയ്യോബിന്റെ ശ്രദ്ധ കൂടുതലായിട്ടുണ്ടാകുന്നതിനുവേണ്ടി ഞാൻ അല്പം പുകഴ്ചയോടെയാണ് സംസാരിച്ചുതുടങ്ങിയത്.

'യഹോവയുടെ പ്രീതി നേടിയ ഇയ്യോബ്... കിഴക്കൻ ദേശക്കാർക്കും പ്രിയങ്കരനായ ഇയ്യോബ്...'

വിശേഷണങ്ങളിൽ ഇയ്യോബ് പ്രീതനായില്ല. പ്രകടമായ ഭാവമാറ്റം ആ മുഖത്ത് കാണുവാനും കഴിഞ്ഞില്ല.

ഞാൻ കേട്ടറിഞ്ഞ ഇയ്യോബായിരുന്നില്ല എനിക്കുമുന്നിലുണ്ടായിരുന്നത്. നഷ്ടഭാരത്താൽ ഇയ്യോബ് അസ്വസ്ഥനായിരുന്നു. പ്രതാപിയായിരുന്നതിന്റെ ഒരു സൂചനപോലും ഇപ്പോൾ ഇയ്യോബിലുണ്ടായിരുന്നില്ല.

കാട്ടത്തിയുടെ കറുത്തിരുണ്ട മാറിലേക്ക് ചാഞ്ഞുകൊണ്ട് ഇയ്യോബ് തനിക്ക് നഷ്ടപ്പെട്ടതിനെക്കുറിച്ച് ആലോചിക്കുകയായിരിക്കാം.

ഞാൻ വീണ്ടും പറഞ്ഞു

'ഇയ്യോബിന്റെ ഭവനത്തിൽ എന്നും വിരുന്നായിരുന്നു... പ്രശസ്തരും അപ്രശസ്തരുമായവർ വന്ന് അങ്ങയുടെ തീൻമേശയിൽനിന്നും വിഭവസമൃദ്ധമായോടെ ആഹാരം പങ്കിട്ടതായി കേട്ടിട്ടുണ്ട്.'

ഇയ്യോബ് ഒന്നും പറഞ്ഞില്ല.

ഞാൻ വീണ്ടും പറഞ്ഞുതുടങ്ങി

'ദൈവത്തെ ഭയപ്പെടുന്നവനും തിന്മയെ വർജിക്കുന്നവനുമായിരുന്ന ഇയ്യോബേ നിനക്കെന്താണ് സംഭവിച്ചത്?'

അപ്പറഞ്ഞത് ഇയ്യോബ് കേട്ടു. അയാൾ പതുക്കെ എഴുന്നേറ്റു.

പൂഴി നിറഞ്ഞ മണ്ണ് ഇരുകൈകളിലും വാരി. അതിനെ ചേർത്തുപിടിച്ചു. പിന്നീട് കൈകൾ അയച്ചു. ചേർത്തുനിർത്തിയ പൂഴിമണൽ അത്രയും ഊർന്നുവീണു.

'ഇതാണ് എനിക്കു സംഭവിച്ചത്?' ഇയ്യോബ് പറഞ്ഞു. ആ ശബ്ദത്തിൽ ശാന്തതയാണ് പ്രകടമായത്.

ഇയ്യോബ് സംസാരിച്ചുതുടങ്ങിയിരിക്കുന്നു. ഇയ്യോബ് തന്റെ വാക്കിന് വിലവെച്ചിരിക്കുന്നു.

ഇയ്യോബ് പറഞ്ഞു.

'കുറ്റമറ്റവനും പരമാർത്ഥിയും ദൈവത്തെ ഭയപ്പെടുന്നവനും തിന്മയെ വർജ്ജിച്ചവനുമെന്നാണല്ലോ എന്നെ കുറിച്ചുള്ള വിശേഷണം. ഈ വിശേഷണമാണ് എന്നെ ഈ അവസ്ഥയിലാക്കിയത്.'

ആശ്ചര്യത്തോടെ ഞാൻ ഇയ്യോബിനെ നോക്കി.

കുറേ ചോദ്യങ്ങൾ ആ നോട്ടത്തിൽ ഞാൻ പ്രകടിപ്പു. അതയാൾക്ക് മനസ്സിലായി എന്നും എനിക്കു ബോധ്യമായി.

'മനുഷ്യനിൽ കുറ്റം ഉണ്ടാവണം. പരമാർത്ഥതത്തെ എപ്പോഴും മുറുകെ പിടിക്കുവാനും പാടില്ല. കുറ്റമുള്ളവനല്ലെ ദൈവത്തെ ആവശ്യം. എല്ലാം തികഞ്ഞവനും ഒരുകുറവുമില്ലാത്തവനും ദൈവത്തെക്കൊണ്ട് എന്താണാവശ്യം. കുറ്റമില്ലാത്തതുകൊണ്ട് ദൈവത്തിന് എന്നെ ആവശ്യമായി വന്നു. ഒരാളെയെങ്കിലും കാണിച്ചുകൊടുക്കുവാൻ ഉണ്ടല്ലോ എന്ന ആശ്വാസമായിരുന്നു ദൈവത്തിന്. സത്യത്തിൽ ദൈവം എന്നെ ആയുധമാക്കുകയായിരുന്നു.'

ഇയ്യോബിൽ പരിവർത്തനത്തിന്റെ മുഴക്കം കേട്ടുതുടങ്ങിയിരിക്കുന്നു. ഞാൻ ഓർത്തു. ഒരിക്കൽപോലും ഇയ്യാബിൽ നിന്നും ഇങ്ങനെയൊരു വാക്കു പുറപ്പെടുമെന്ന് ഞാൻ വിചാരിച്ചില്ല.

'ദൈവത്തിന്റെ വലുപ്പത്തെ അംഗീകരിക്കേണ്ടതിനായി സാത്താന്റെ മുന്നിലെ ആയുധമാക്കി എന്നെ മാറ്റുകയായിരുന്നു... ഞാൻ എതിർത്തുമില്ല.'

നഷ്ടങ്ങൾ ഒന്നൊന്നായി മുന്നിലെത്തിയപ്പോഴും ഇയ്യോബ് ദൈവത്തെ തള്ളിപ്പറഞ്ഞില്ല. എന്നിട്ടും...

'നിലം ഉഴതുകൊണ്ടിരുന്ന കാളകളെയും മേഞ്ഞുകൊണ്ടിരുന്ന കഴുതകളെയും ചാവേറുകളെപ്പോലെ ചാടിവീണ സെബെയക്കാർ പിടിച്ചുകൊണ്ടുപോയി. വിവരം പറയുവാൻവേണ്ടി മാത്രം ഒരാളെ അവശേഷിപ്പിച്ചു. മിന്നൽപ്പിണരുകളിലെ ആഘാതമേറ്റ് ആട്ടിൻപറ്റം ചത്തൊടുങ്ങി. കൽദ്ദായക്കാർ മൂന്നു പ്രാവശ്യമായി വന്ന് ഒട്ടകളെ കൂട്ടത്തോടെ പിടിച്ചുകൊണ്ടുപോയി. കൊടുങ്കാറ്റിൽ തകർന്ന വീടിനുള്ളിലെ തീന്മേശക്കരികിലായി മക്കളെല്ലാം കൊല്ലപ്പെട്ടു.'

ഇയ്യോബിന്റെ കണ്ണുകളിൽ നനവുണ്ടായിരുന്നില്ല. ശബ്ദത്തിൽ പതറച്ചയും ഉണ്ടായിരുന്നില്ല.

'ഇതെല്ലാം നഷ്ടപ്പെട്ടിട്ടും ഇ യ്യോബെ നിങ്ങൾ പിടിച്ചുനിന്നു. ഇതിൽപ്പരം ഒരു ദുരന്തം ഒരാളുടെ ജീവിതത്തിൽ വന്നുചേരുമോ?' ഞാൻ ചോദിച്ചു.

'ജീവിതം പറഞ്ഞുപറഞ്ഞ് ഇപ്പോൾ അത് കഥപോലെയായിക്കുന്നു'.

ഇയ്യോബേ, നിന്നെ പരീക്ഷിച്ചതിലൂടെ ആരാണ് യ

# സിനിമയും നവ മാധ്യമങ്ങളും




ധാനമാണ് വീഡിയോ ഷെയറിംഗ് വെബ്സൈറ്റുകൾ. 2005 ൽ രൂപം കൊണ്ട യൂട്യൂബാണ് ഏറ്റവും ശ്രദ്ധേയമായതും ജനപ്രീതി സമ്പാദിച്ചതും. 'പൊതുജന സമ്പർക്കത്തിനുള്ള ഫലപ്രദമായ പ്ളാറ്റ്ഫോമായി യൂട്യൂബ് മാറിക്കഴിഞ്ഞു. നവ കാഴ്ചകളുടെ ഋതുഭേദങ്ങൾ വിരിയിക്കുന്ന ഓൺലൈൻ തീയേറ്ററാണ് യൂട്യൂബ്.

സൃഷ്ടിപരത കൈമുതലാക്കിയവർക്കും ജനപ്രീതി ഇഷ്ടപ്പെടുന്നവർക്കും തങ്ങളുടെ വീഡിയോകൾ ഡൗൺലോഡ് ചെയ്യാൻ കഴിയുന്നതിലൂടെ സന്ദേശങ്ങൾ പുതിയൊരു മാധ്യമത്തിൽക്കൂടി പുറംലോകത്തെത്തിക്കുവാൻ കഴിയുന്നു എന്നതാണിതിന്റെ നേട്ടം.

മൊബൈൽ ഫോൺ അഥവാ ഡിജിറ്റൽ ക്യാമറ ഉപയോഗിച്ചെടുക്കുന്ന ഹ്രസ്വചിത്രീകകരണങ്ങളാണ് യൂട്യൂബിൽ ചേർക്കാൻ കഴിയുക. ഇതിന് പ്രത്യേക നിയന്ത്രണങ്ങൾ ഒന്നും തന്നെ സേവനദാതാക്കൾ ഏർപ്പെടുത്തിയിട്ടില്ല. 'Boradcast yourself' എന്നാണ് യൂട്യൂബിന്റെ പരസ്യവാചകം തന്നെ. ബ്ലോഗുകൾ നമ്മെ എഴുത്തുകാരനും പ്രസാധകനുമാക്കുന്നുവെങ്കിൽ യൂട്യൂബ് ക്യാമറാമാനും സംവിധായകനും ഒപ്പം സംപ്രേക്ഷകനുമാക്കുന്നു.

ഏതാണ്ട് 400 കോടി വീഡിയോകൾ യൂട്യൂബിലൂടെ ദിനംപ്രതി പ്രേക്ഷകർ കണ്ടുകൊണ്ടിരിക്കുന്നുവെന്ന് റോയിട്ടേഴ്സ് ഈയടുത്ത കാലത്ത് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പഴ്സണൽ കമ്പ്യൂട്ടറിൽ നിന്ന് സ്മാർട്ട് ഫോണിലേക്കും ഇന്റർനെറ്റ് സംവിധാനമുള്ള ടിവികളിലേക്കും കുടിയേറിയതും കൂടുതൽ വ്യക്തിപരമാക്കത്തക്കവിധം സോഷ്യൽ മീഡിയയോട് അടുത്തുനിൽക്കുന്നതുമാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഉയർന്ന വേഗത്തിലുള്ള ഇന്റർനെറ്റ് സംവിധാനം (Broadband) നിലവിൽ വന്നതോടെയാണ് യൂട്യൂബിന്റെ സാധ്യതകൾ വർദ്ധിച്ചത്. ആദ്യകാലത്ത് 10 മിനിട്ടു മാത്രം ദൈർഘ്യമുള്ള വീഡിയോകൾ മാത്രമേ യൂട്യൂബിൽ ചേർക്കാൻ കഴിയുമായിരുന്നുള്ളൂവെങ്കിൽ ഇപ്പോൾ മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന വീഡിയോകൾ അപ്ലോഡു ചെയ്യാനും കാണാനും സാധിക്കുന്നു. ഓൺലൈൻ എഡിറ്റിംഗും സാധ്യമാക്കിയിട്ടുണ്ട്. ഇതാണ് 'യൂട്യൂബ്' കാഴ്ചയുടെ പുതിയൊരു സംസ്കാരത്തിന് കാരണമായി എന്ന് പറയുന്നത്. ഡിവിഡിയെയും, ഒരു പരിധിവരെയെങ്കിലും ടെലിവിഷൻ കാഴ്ചകളെയും പാർശ്വവൽക്കരിച്ചുകൊണ്ട് എപ്പോൾ എവിടെവെച്ച് വേണമെങ്കിലും ദൃശ്യമൊരുക്കുന്ന ഓൺലൈൻതീയേറ്ററായി യൂട്യൂബ് മാറി.

വെറും വീഡിയോഷെയറിംഗ് വെബ് സൈറ്റ് എന്നതിലുപരി ഒരു ഇന്റർനെറ്റ് ചാനൽ എന്ന നിലയിലേക്ക് മാറിക്കഴി ഞ്ഞു യുട്യൂബ്. സിനിമാകാഴ്ച്ചയുടെ സാധ്യതകൾ യൂട്യൂബ് വിപുലമാക്കിയപ്പോൾ സിനിമയുടെ വാണിജ്യസ്വഭാവം യൂട്യൂബിന്റെ ജനപ്രീതിയെ ചൂഷണം ചെയ്യാനാരംഭിച്ചു. ഇന്ന് റിലീസിനു മുമ്പ് ചിത്രങ്ങളുടെ ക്ലിപ്പിംഗുകൾ, ഗാനചിത്രീകരണ രംഗങ്ങൾ തുടങ്ങിയവ യുട്യൂബിലേക്ക് അപ് ലോഡ് ചെയ്ത് വലിയ പ്രേക്ഷകസമൂഹത്തെ തീയേറ്ററുകളിലേക്ക് ആകർഷിക്കാനും അതുവഴി മുടക്കുമുതൽ ഭദ്രമാക്കാനും സിനിമാപ്രവർത്തകർ തുനിഞ്ഞിരിക്കുന്നു. മ്യൂസിക് ആൽബങ്ങൾ, ടിവി പരിപാടികൾ, പരസ്യങ്ങൾ, ടെലി ഫിലിമുകൾ തുടങ്ങി ദൃശ്യങ്ങളുടെ ലക്ഷക്കണക്കിന് നുറുങ്ങുകളാണ് ഇതുവഴി പ്രേക്ഷകരിലേക്കെത്തുന്നത്.

ഹ്രസ്വചിത്രങ്ങളുടെ എണ്ണിയാലൊടുങ്ങാത്ത ശേഖരമാണ് യുട്യൂബിലൂടെ പ്രേക്ഷകസമൂഹത്തിലെത്തുന്നത്. ജീവിതവുമയി ബന്ധപ്പെട്ട മഹത്തായ ആശയങ്ങൾ ആവിഷ്ക്കരിക്കുന്ന അനേകം ഹൃസ്വചിത്രങ്ങൾ യൂട്യൂബ് വെബ്സൈറ്റിൽ ഹിറ്റായി മാറിയിരിക്കുന്നു. കോൺസ്റ്റാന്റിൽ പ്ലാവിയോസ് എന്ന ഗ്രീക്കിലെ ചലച്ചിത്രകാരൻ ഗ്രീക്ക് ബ്ലോഗൻമാരുടെ സൃഷ്ടികളെ അടിസ്ഥാനമാക്കി ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. തന്റെ പിതാവായ നിക്കോസ് പ്ലാവിയോസിൻരെ ഒരു ബ്ലോഗ് പോസ്റ്റിനെ അടിസ്ഥാനമാക്കി ചിത്രീകരിച്ച വാട്ട് ഈസ് ദാറ്റ് (What is that-youtube.com) എന്ന ഹ്രസ്വചിത്രം നൽകുന്നത് സ്നേഹത്തിന്റെ എത്രയോ ഉദാരമായ അനുഭൂതികളാണ്. മലയാളത്തിൽ അടുത്ത കാലത്ത് സോഷ്യൽ മീഡിയയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഹ്രസ്വചിത്രമാണ് നിഥുന നെവിൽ ദിനേശിന്റെ മീൽസ് റെഡി (meals ready) ഒരുവാക്കുപോലും മിണ്ടാതെ ലക്ഷക്കണക്കിന് ആരാധകരെ നേടിയ ഒരു മികച്ച ഷോട്ട്ഫിലിമാണിത്.

അഴിമതി, സ്വജനപക്ഷപാതം, മദ്യ മയക്കുമരുന്ന് തുടങ്ങിയ ദുഷ്പ്രവണതകൾക്കെതിരെ വിരൽചൂണ്ടാനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പൊരുതാനും പുത്തൻ അറിവുകൾ പകർന്നുനൽകാനും ഈ ദൃശ്യ മാധ്യമത്തെ ഫലപ്രദമായി ഉപയോഗിക്കാം. ഇത്തരം ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന അനേകം ചെറുസിനിമകൾ യൂട്യൂബിലുണ്ട്. സാങ്കേതിക മികവും മിഴിവും എല്ലാത്തിനും അവകാശപ്പെടാൻ കഴിയില്ല എന്നുമാത്രം. കലാമൂല്യമുള്ളതും ശ്രദ്ധിക്കപ്പെടേണ്ടതുമായ വിഷയങ്ങൾ പ്രേക്ഷകരിലെത്തിക്കുവാൻ ഈ മാധ്യമത്തിലൂടെ കഴിയും.

റിലീസ് ചെയ്ത പുതിയ സിനിമകൾ തീയേറ്ററുകളിൽ നിന്ന് പകർത്തി ഇന്റർനെറ്റിലൂടെ പ്രദർശിപ്പിക്കുന്ന പ്രവണതയേറിയിരിക്കുന്നു ഇപ്പോൾ. സൈബർ കുറ്റകൃത്യത്തിന്റെ പരിധിയിൽ വരുന്ന ഈ ദുഷ്കൃത്യം അഭംഗുരം തുടരുന്നു എന്നാണ് ആന്റി പൈറസി സെൽ നിരത്തുന്ന കേസുകളുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. സിനിമാനിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനപ്പെട്ട ഒരു വസ്തുതയാണിത്. ഇതുകൊണ്ടുതന്നെ സിനിമ ബിസിനസ്സിലും കാര്യമായ മാറ്റങ്ങൾ വരാൻപോകുന്നതിന്റെ സൂചനകൾ ലഭ്യമായിക്കഴിഞ്ഞു.

റിലീസ് ചെയ്ത സിനിമകൾ പണം കൊടുത്തു കാണാനുള്ള സംവിധാനം യുട്യൂബ് അമേരിക്കയിൽ ആരംഭിച്ചിരിക്കുന്നു. ഇത് ലോകത്താകമാനം ലഭ്യമാകുന്ന കാലം വിദൂരമല്ല. വീഡിയോ അവകാശം വിൽക്കുന്നതോടൊപ്പം ഇന്റർനെറ്റ് പ്രദർശനാവകാശവും പണം വാങ്ങി വിൽക്കാനുള്ള ഏർപ്പാടുകൾ വരുന്ന കാലം അകലെയല്ല.

സാമ്പത്തിക നേട്ടമുണ്ടാക്കാനുള്ള ഇടമായും യുട്യൂബ് മാറിക്കഴിഞ്ഞു. അപ് ലോഡുചെയ്യുന്ന വീഡിയോയ്ക്ക് കാഴ്ച്ചക്കാർ കൂടുന്നുണ്ടെങ്കിൽ പരസ്യം നൽകി വരുമാനമുണ്ടാക്കാം. സൈറ്റുകൾ സന്ദർശിക്കുന്നവരുടെ എണ്ണം കൂടുന്നതിനനുസരിച്ച് വരുമാനവും കൂടും.

കാഴ്ചയിലൂടെയും പ്രശസ്തിയിലൂടെയും പണസമ്പാദനത്തിന്റെയുമൊക്കെ പുതിയ ഇടങ്ങൾ സൃഷ്ടിക്കുന്ന 'യുട്യൂബ്' പുതിയ തലമുറയുടെ തരംഗമാകുന്നതിൽ അത്ഭുതമില്ലല്ലോ.

# ഇയ്യോബ് പറഞ്ഞതെന്തെന്നാൽ...



ഥാർത്ഥത്തിൽ വിജയിച്ചത് ?

'രണ്ടുപേരും വിജയിച്ചു.'

'ഒരേ മത്സരത്തിൽ രണ്ടുവിജയമോ?'

'എനിക്കുള്ളതെല്ലാം നഷ്ടമായാലും ഞാൻ ദൈവത്തെ തള്ളിപ്പറയില്ലായെന്ന് ദൈവത്തിനറിയാമായിരുന്നു. അത് ദൈവത്തിന്റെ വിജയമായി. കുറ്റമറ്റവനെന്നും നീതിമാനെന്നും ദേശവാസികളെല്ലാം പറഞ്ഞ എന്റെ ജീവിതത്തകർച്ചയിലൂടെ സാത്താനും വിജയിച്ചു.'

'രണ്ടുപേരുടെയും വിജയത്തിനുവേണ്ടി ജീവിതവും സമ്പത്തും സന്തോഷവും നഷ്ടപ്പെടുത്തിയ ഇയ്യോബേ, നീ നിന്റെ വിധിയെ സ്വീകരിക്കുകയായിരുന്നുവോ?' എന്നിലെ സംശയം ഞാൻ മറച്ചുവെച്ചില്ല.

'ഞാൻ എന്നെമാത്രം ശപിച്ചു. പലപ്രാവശ്യം. ഞാൻ ഉരുവാകുന്ന സന്ദർഭത്തിൽ എന്റെ അമ്മയുടെ ഗർഭപാത്രം എന്തുകൊണ്ട് അടഞ്ഞില്ലായെന്ന് ഞാൻ ചോദിച്ചു. ഉരുവായിയെങ്കിലും എന്തുകൊണ്ടത് ചാപിള്ളയായില്ല എന്നു ചോദിച്ചു. ഗർഭപാത്രത്തിൽനിന്നും പുറത്തുകടന്നവേളയിൽ എന്തുകൊണ്ട് മരിച്ചില്ലാന്നു ചോദിച്ചു. ആത്മാവാണോ ശരീരമാണോ പ്രധാനം എന്നതായിരുന്നു എന്നെ ആകുലപ്പെടുത്തിയ ചിന്ത.'

'എന്നിട്ട്' ഉദ്വേഗത്തോടെ ഞാൻ ഇയ്യോബിനെ നോക്കി.

'ആത്മാവാണെന്നായിരുന്നു എന്റെ തോന്നൽ. ഞാൻ പഠിച്ച പാഠങ്ങളെല്ലാം അത്തരത്തിലുള്ള ബലപ്പെടുത്തുന്ന ചിന്തകളിലേക്കാണ് എന്നെ നയിച്ചിരുന്നത്. ആത്മാവിനുവേണ്ടി ശരീരത്തെ ഉപേക്ഷിക്കാൻ കഴിഞ്ഞവർ എത്രയുണ്ടെന്ന ചോദ്യമാണ് എന്നെ അസ്വസ്ഥനാക്കിയത്. എന്നോ ലഭിക്കുന്ന ഒരു മോക്ഷത്തിനുവേണ്ടി ഒരായുസ്സിന്റെ ശരീരത്തെ പീഡിപ്പിക്കുന്നത് എന്തിതെന്നുള്ള ചിന്തയാണ് പിന്നീട് എന്നെ നയിച്ചത്.'

ഇത്രയും വ്യക്തമായി സംസാരിച്ചുതുടങ്ങിയ ഇയ്യോബിലെ മാറ്റം പെട്ടെന്നായിരുന്നു.

അയാൾ വേഗത്തിൽ എഴുന്നേറ്റു. വേഗത എന്നു പറയുമ്പോൾ പ്രായാധിക്യത്തിലെത്തിയ ഒരാളുടെ വേഗത.

താഴവരയിലേക്ക് കുത്തിയൊഴുകുന്ന പുഴയപോലെ ഇരച്ചിറങ്ങുന്ന ആട്ടിൻപറ്റത്തെ കണ്ടഭാവമായിരുന്നു അപ്പോൾ അയാളിൽ. അയാൾ കൈകൾ ഉയർത്തി. ചെമ്മരിയാടിനോടൊപ്പം കോലാടുകളെയും മേയ്ക്കാൻ വിട്ടിരിക്കുന്നതിലെ യുക്തിയെക്കുറിച്ചാണ് അപ്പോൾ ഇയ്യോബ് സംസാരിച്ചത്.

പിന്നീടയാൾ സമതലങ്ങളിൽ വിശ്രമിക്കുന്ന ഒട്ടക്കൂട്ടത്തെ കണ്ടഭാവത്തിലാണ് സംസാരിച്ചത്. കാളക്കൂറ്റൻമാരെക്കുറിച്ചും കഴുതകൂട്ടങ്ങളെക്കുറിച്ചും സംസാരിച്ചു.

അടിമ തണൽ കൊതിക്കുന്നതുപോലെയും ക്ഷീണിതൽ കിടക്ക ആഗ്രഹിക്കുന്നതുപോലെയുമായിരുന്നു പിന്നീട് ഇയ്യോബ് ഇടപ്പെട്ടത്. ചുഴിയിൽ അകപ്പെട്ട ഓടൽ കൊണ്ടുണ്ടാക്കിയ ചിറ്റോടം പോലെ അവന്റെ മനസ്സ് ആകുലപ്പെട്ടിരുന്നു.

പെട്ടെന്നു തന്നെ ഇയ്യോബ് ശാന്തനും മൗനിയുമായി.

ഞാൻ ഇയ്യോബിനെക്കുറിച്ച് ഓർത്തു.

മേലങ്കി കീറി, തല മുണ്ഡനം ചെയ്ത്, നിലത്തുവീണു നമസ്കരിച്ചു കൊണ്ട് ഇയ്യോബ് പറഞ്ഞു.

'ഒന്നുമില്ലാത്തവനായി വന്നു. യാത്രയാകേണ്ടതും ഒന്നുമില്ലാതെയാണ്. എന്നാൽ യാത്രയാകുന്നതിനു മുമ്പു തന്നെ നേടിയത്രയും നഷ്ടമായിവരികയും പോകുമ്പോൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന തോന്നലോടെ പോകുകയും ചെയ്യേണ്ടിവരുന്ന ഇയ്യോബിന്റെ ജീവിതത്തിൽ നിന്നും എന്തുപാഠമാണ് പഠിക്കുവാനുള്ളത്.

നീതിമാൻ നിന്ദിതനാകുമ്പോൾ ഇയ്യോബ് ഓർമിക്കപ്പെടുന്നു. ധർമിഷ്ടൻ പരാജിതനാകുമ്പോൾ ഇയ്യോബ് ഓർമ്മപ്പെടുത്തലുകളാകുന്നു.

ഇയ്യോബ് തന്റെ സമ്പത്തുകൊണ്ട് അനുഗൃഹീതമായ കിഴക്കൻദേശത്തെ അവസാനമായി നോക്കി. ആരോടും യാത്ര പറയാനുണ്ടായിരുന്നില്ല. അല്പം നേരം സംസാരിച്ചുവെന്നാല്ലാതെ ഇയ്യോബിനെ സംബന്ധിച്ചിടത്തോളം ഞാൻ ആരുമല്ലതന്നെ.

വിഷാദത്തിന്റെയും കൂരിരുട്ടിന്റെയും ദേശത്തേക്ക് ഇയ്യോബ് നടന്നുതുടങ്ങി. വഴിയില്ലാത്ത പാഴ്പ്പരപ്പിലൂടെ അയാൾ നടന്നു. ഒലിവുമരം ഇയ്യോബിനു മുന്നിൽ ഇനി പൂ പൊഴിക്കില്ല. അയാളെ എതിരേറ്റ കാറ്റിൽ അയാളുടെ ഗദ്ഗദം ഇഴികുചേർന്നിരുന്നുവോ?

ഞാൻ ഓർത്തു.

വായിച്ചറിഞ്ഞ ഇയ്യോബിനെയും വ്യാഖ്യാനത്തിലൂടെ അറിഞ്ഞ ഇയ്യോബിനെയും ഇപ്പോൾ എനിക്കു മുന്നിൽ നഷ്ടമായിരിക്കുന്നു.

# പുതൂർ കഥകൾ- ശിഥില ദൃശ്യങ്ങളുടെ വരമൊഴികൾ

ഡോ.വി.എസ്.രാധാകൃഷ്ണൻ



മലയാളത്തിന്റെ പ്രിയ കഥാകാരൻ പുതൂർ ഉണ്ണിക്കൃഷ്ണൻ നമ്മെ വേർപിരിഞ്ഞിട്ട് ഇന്നേക്ക് ഒരുവർഷം തികയുന്നു. 2015 ഏപ്രിൽ രണ്ടിന് അദ്ദേഹത്തിന്റെ ഒന്നാം ചരമവാർഷികമാണ്. നമ്മുടെ കഥാഗൃഹത്തിലെ ശാന്തഗംഭീരമായ ആൾരൂപമായിരുന്നു അദ്ദേഹം. തിളങ്ങുന്ന മിഴികളും ഋഷി സമാനമായ ശാന്തത നിറഞ്ഞ മുഖവുമായി ഗുരുവായൂരിന്റെ ആത്മീയ വെളിച്ചത്തിൽ സാവധാനം നടന്നുനടന്ന് പോകുന്ന ഒരാൾരൂപം-അതെ, മലയാളത്തിന്റെ അനുഗൃഹീത കഥാകാരൻ പുതൂർ ഉണ്ണിക്കൃഷ്ണൻ.

കഥകൾ അനുഭവതീഷ്ണതയുടെ ചൂടിൽ നിന്നും വാർന്നു വീഴുമ്പോൾ അത് മനുഷ്യ കഥാഖ്യാനമായി മാറുന്നു. അപ്പോൾ ശില്പഭംഗിയും ആത്മാർത്ഥതയും ആകർഷകതയും കൂടുന്നു. ജീവിതത്തിന്റെ തീഷ്ണസ്പർശങ്ങൾ മനസ്സിലേറ്റി കഥകളെഴുതിയ മലയാളത്തിന്റെ കഥാകാരനാണ് പുതൂർ ഉണ്ണിക്കൃഷ്ണൻ. അനുഭവങ്ങളുടെ നെരിപ്പോടിൽ നിന്നും വാർന്നുവീണ അറുനൂറിൽപ്പരം കഥകൾ കൊണ്ട് മലയാള ചെറുകഥാ സാഹിത്യത്തെയും ഭാഷയേയും ജ്വലിപ്പിക്കുകയായിരുന്നു ഈ എഴുത്തുകാരൻ. ഇന്ദ്രിയ ഗോചരമായ അനുഭവങ്ങളുടെ ദൃശ്യപ്പൊലിമ കൊണ്ട് പുതൂരിന്റെ കഥകൾ അനുവാചകന് കാഴ്ചകളാകുന്നു. ഈ കാഴ്ചകൾ കേരളത്തിന്റെ വൈവിധ്യമാർന്ന ജനസംസ്കൃതിയുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നു. അതുകൊണ്ടുതന്നെ പുതൂർ കഥകൾ കേരളത്തിന്റെ ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക രൂപരേഖ കൂടിയായി ത്തീരുന്നു.

കേരളത്തിന് ആകമാനവും വടക്കൻ കേരളത്തിന് പ്രത്യേകിച്ചും അവിസ്മരണീയമായ നാമധേയമാണ് പുതൂർ ഉണ്ണിക്കൃഷ്ണൻ. ഈ മണ്ണിൽ ജീവിച്ച് തന്റെ ചുറ്റു വട്ടങ്ങളിലും, യാത്രകളിലും നേരിട്ടനുഭവിച്ച മനുഷ്യജീവിതത്തിന്റെ സർവ്വതലസ്പർശിയായ വൈകാരിക വൈചാരിക മണ്ഡലങ്ങളെ കഥാശില്പമാക്കിയ അനശ്വരകഥാകാരനാണ് പുതൂർ. ജീവിതത്തിന്റെ നിമ്നോന്നതകളെ അടുത്തറിഞ്ഞ് അവയുടെ അർത്ഥാന്തരങ്ങളിൽ സ്വയം ജീവിച്ച് കഥയുടെ സർഗ്ഗതലങ്ങൾ മലയാളിക്ക് ഒരുക്കിക്കൊടുക്കുകയായിരുന്നു അദ്ദേഹം. ജീവിതത്തിന്റെ ദുഃഖാഗ്നി തീർത്ഥങ്ങളായിരുന്നു ഈ എഴുത്തുകാരന് എന്നും പ്രിയം. മൗനത്തിന്റെ മുഖാവരണമിട്ട് വ്യാകുലതകളെ പേറി നടന്ന ഈ കഥാകാരൻ അസ്വസ്ഥതകളിൽ നിന്നും കഥകൾ മെനഞ്ഞെടുക്കുകയായിരുന്നു. മരുമക്കത്തായ നായർ തറവാടുകളിലെ പൂർവ്വ മഹിമകളുടെ പടിപടിയായ തകർച്ചകളിൽ സ്വയം നഷ്ടമായിക്കൊണ്ടിരുന്ന മനുഷ്യരുടെ ഹൃദയതലങ്ങളെ അദ്ദേഹം തന്റെ പല കഥകളിലും കോറിയിട്ടു. കുടുംബ വാഴ്ചകളിലെ നീരസങ്ങളോടും നിയമവ്യവസ്ഥിതികളോടും എന്നും കലഹിച്ചിരുന്ന കഥാകാരനാണദ്ദേഹം.

ഗ്രാമ്യ ലാവണ്യമാണ് പുതൂർ കഥകളുടെ കഞ്ചുകം. അദ്ദേഹത്തിന്റെ കഥാസഞ്ചയത്തിലെ ഒട്ടനവധി കഥകൾ ഗ്രാമത്തിന്റെ സ്ഥലകാലങ്ങളിൽ നില്ക്കുന്നവയാണ്. ഗ്രാമപ്രകൃതിയുടെ നിർമ്മലതയിലും, നിഷ്കളങ്കതയിലും ജീവിതത്തിന്റെ വൈവിധ്യാനുഭവങ്ങളിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങൾ ആ കഥകളുടെ നൈരന്തര്യ ധാരയാണ്. നഷ്ട സൗഭാഗ്യങ്ങളിലും, വിഷാദത്തിന്റെ ഏകാന്തതകളിലും അഭയം തേടുന്ന ഈ കഥാപാത്രങ്ങൾ വായനക്കാരെ വല്ലാതെ അലട്ടിക്കൊണ്ടിരിക്കും. അതും കൃത്രിമമോ യാന്ത്രികമോ അല്ലാത്ത ശുദ്ധധാർമ്മികതയുടെ ഹൃദയതാളങ്ങളിലൂടെ മാത്രം. ഇതിനു കാരണം അനുഭവത്തിന്റെ ഊഷ്മളത ഒന്നു മാത്രമായിരുന്നു. സർഗ്ഗാത്മകമായ ഊർജ്ജം പൂർണ്ണമായും മലയാള കഥാ സാഹിത്യത്തിനു നൽകിയ കഥയുടെ ഒരു ഭാവകാവ്യപ്രപഞ്ചം സൃഷ്ടിക്കുകയായിരുന്നു പുതൂർ. സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും ഇണ ചേരുന്ന ജീവിതത്തിന്റെ നൊമ്പരങ്ങളെ കഥയുടെ സൗന്ദര്യശില്പത്തിൽ ലയിപ്പിച്ചതാണ് പുതൂരിന്റെ വിജയം.

കഥയെഴുത്തിനുവേണ്ടി അതിന്റെ ഈറ്റില്ലങ്ങൾ തേടി ക്ലേശിക്കേണ്ടി വന്നിട്ടില്ലാത്ത മലയാളത്തിലെ ഒരു കഥാകാരനായിരുന്നു പുതൂർ ഉണ്ണിക്കൃഷ്ണൻ. തന്റെ ദൃശ്യേന്ദ്രിയത്തിന് ഗോചരമായതെന്തും കഥയാക്കിയ കഥാകാരനാണദ്ദേഹം. അവിടെ മാനവ ജീവിതത്തിന്റെ സമസ്ത സ്പന്ദനങ്ങളും- സാമൂഹ്യജീവിതത്തിന്റെ തുടിതാളങ്ങൾ, നവനവങ്ങളായ സ്വാനുഭവങ്ങൾ, ഗൃഹാന്തരീക്ഷത്തിന്റെ അർത്ഥ തലങ്ങൾ, സാമൂഹ്യ വൈകൃതങ്ങൾ, ദയാരാഹിത്യങ്ങൾ, ധാർമ്മിക ച്യുതികൾ സമ്പന്ന വിഭാഗങ്ങളുടെ പൊങ്ങച്ചങ്ങൾ എന്നിവയെല്ലാം പുതൂർകഥകളെ സമ്പന്നമാക്കുന്നു.

സാഹിത്യരചന ആത്മ സംഘർഷങ്ങളുടെ നെരിപ്പോടിൽ നിന്നാണ് ഉയിർക്കൊള്ളുന്നത് എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാകാം തീഷ്ണമായ വൈകാരിക തലങ്ങളുള്ള ആത്മസംഘർഷഭരിതമായ കഥകൾ അദ്ദേഹത്തിന് എഴുതാൻ കഴിഞ്ഞത്. ജീവിത യാഥാർത്ഥ്യങ്ങളെ കഥകളാക്കുമ്പോൾ പോലും അവ കലാപരമായ ശില്പഭംഗി കൊണ്ട് ഒതുക്കമുള്ള കഥാ സാഹിത്യമായി രൂപമാർജ്ജിക്കുന്നു. ഗൃഹാതുരത്വവും ആത്മനൊമ്പരങ്ങളും പുതൂർകഥകളെ മസൃണമാക്കുന്നു.

1952ൽ പ്രസിദ്ധീകരിച്ച കരയുന്ന കാൽപ്പാടുകൾ ആണ് പുതൂരിന്റെ ആദ്യ കഥാസമാഹാരം. പിന്നീടങ്ങോട്ട് വൈവിധ്യവും വൈരുദ്ധ്യവും നിറഞ്ഞ മനുഷ്യ ജീവിതങ്ങളുടെ നേർക്കാഴ്ചകൾ ഒട്ടനവധി കഥകളിലൂടെ പുതൂർ കേരളത്തിന് നൽകി. മുപ്പത്തിയെട്ട് കഥാസമാഹാരങ്ങളും, കൽപ്പമഴ എന്ന കവിതാ സമാഹാരവും, തിരുനാമാചാര്യൻ ആഞ്ഞം തിരുമേനി എന്ന ജീവചരിത്ര ഗ്രന്ഥവും ഗജരാജൻ ഗുരുവായൂർ കേശവൻ എന്ന അനുസ്മരണവും, പതിനെട്ടോളം നോവലുകളും ഉൾപ്പെടെ അമ്പത്തൊൻപതിൽപരം കൃതികളുടെ കർത്താവാണ് പുതൂർ ഉണ്ണിക്കൃഷ്ണൻ. ഒരു ജന്മം കൊണ്ട് ഇത്രയധികം കഥകൾ രചിച്ചിട്ടുള്ള കഥാകൃത്തുക്കൾ വിരളമാണ്.

ഇടത്തരക്കാരന്റെ ജീവിത പ്രശ്നങ്ങളായിരുന്നു എന്നും പുതൂരിന് പ്രിയംകരം. നീറുന്ന ജീവിത യാഥാർത്ഥ്യങ്ങളായിരുന്നു അദ്ദേഹത്തിന് കഥയുടെ മേച്ചിൽ പുറങ്ങൾ. അതുകൊണ്ടാകാം അദ്ദേഹത്തിന്റെ കഥകളെല്ലാം തന്നെ നൊമ്പരങ്ങളുടെ പരിസമാപ്തികളായത്. മനുഷ്യനെ നൊമ്പരപ്പെടുത്തുന്ന ഏതിനോടും കലഹിച്ചിരുന്ന ഈ കഥാകാരൻ എന്നും സാധാരണക്കാരന്റെ വൈകാരിക പ്രജ്ഞകളെ മാനിച്ചു. ധാർമ്മികത എന്നും അദ്ദേഹത്തിന്റെ ജീവിത കവചവും ദർശനവുമായിരുന്നു. നൊമ്പരത്തിന്റെ വാല്മീകത്തിൽ നിന്നും ധാർമ്മികതയുടെ കഥാശില്പങ്ങൾ മെനഞ്ഞെടുത്ത കഥാകാരനാണ് പുതൂർ ഉണ്ണിക്കൃഷ്ണൻ.

സ്വന്തം പരിസരങ്ങളും പരിചിതരുമെല്ലാം അദ്ദേഹത്തെ സംബന്ധിച്ച് കഥയ്ക്കുള്ള പ്രചോദനങ്ങളായിരുന്നു. അത്തരം ചുറ്റുപാടുകളിലെ ജീവിത നിരീക്ഷണങ്ങളും അനുഭവങ്ങളും എന്നെന്നും അദ്ദേഹത്തിന് ആവേശം പകർന്നു. പക്ഷെ, അവയെ കഥാലാവണ്യക്കൂട്ടിൽ ചാലിച്ച് ഹൃദയാവർജ്ജക ശില്പങ്ങൾ ആക്കുമ്പോൾ ഒരുതരം മാന്ത്രിക വശ്യതയുള്ള കഥകളാകുന്നു. മലയാള സാഹിത്യത്തിൽ വ്യക്തി അനുഭവങ്ങളെ ചങ്ങമ്പുഴ കൃഷ്ണപിള്ള കവിതയാക്കിയെങ്കിൽ പുതൂർ ഉണ്ണിക്കൃഷ്ണൻ കഥകളാക്കി. ആത്മസംഘർഷങ്ങളും സ്വന്തം ജീവിതം പഠിപ്പിച്ച അനുഭവങ്ങളും ഇത്രമാത്രം കഥയിൽ പ്രയുക്തമാക്കിയ മറ്റൊരു കഥാകാരൻ മലയാളത്തിൽ ഇല്ലെന്നു പറയാം. എന്നാൽ ആ കഥകളെല്ലാം തന്നെ ശില്പസുന്ദരവും ഭാവബന്ധുരവുമായി തീർന്നു. കഥാരചനയിലെ ഈ മാസ്മരികവശ്യതയും ഗൂഢതന്ത്രവുമാകാം വായനക്കാരെ ശ്രദ്ധാതലത്തിൽ തളച്ചിടാൻ പുതൂർക്കഥകൾക്ക് സാധ്യമാകുന്ന ഒരു കാരണം.

മലയാളഭാഷയുടെ നിതാന്ത ശാന്തവും മന്ദ്രമധുരമായ ഒഴുക്കും, മനുഷ്യരുടെ ആത്മഭാവസ്ഫുരണങ്ങൾ പകർത്തുമ്പോൾ കാണുന്ന വിഷാദച്ഛവിയുമെല്ലാം ആ കഥകളെ വ്യതിരിക്തമാക്കുന്നു. ഒപ്പം അതിൽ പ്രകടമാകുന്ന കേരള പ്രകൃതിയും സംസ്കാരവും പാരമ്പര്യവുമെല്ലാം ദേശീയബോധപ്രപഞ്ചനങ്ങളാക്കുന്നുണ്ട്.

ഗുരുവായൂരിന്റെ കഥാകാരൻ എന്ന് പരക്കെ അറിയപ്പെടുന്ന പുതൂർ തന്റെ ജീവിതത്തിലും എഴുത്തിലും സത്യവും നീതിയും പുലർത്തിയിരുന്നു. തന്റെ ധാർമ്മികതയ്ക്ക് നിരക്കാത്ത ഒന്നിനേയും അദ്ദേഹം കഥയിലും ജീവിതത്തിലും സ്വീകരിച്ചില്ല. മനുഷ്യൻ പടുത്തുയർത്തിയ എല്ലാ ഇസങ്ങൾക്കും പക്ഷപാതങ്ങൾക്കും സങ്കുചിത ചിന്താഗതികൾക്കും അപ്പുറം മാനവികത എന്ന അതിരുകളില്ലാത്ത ഒരാകാശവും തീരമില്ലാത്ത സമുദ്രവുമായിരുന്നു പുതൂരിന്റെ ലോകം. എങ്കിലും അദ്ദേഹം തികച്ചും ഭാരതീയനായിരുന്നു. അതുപോലെതന്നെ തനികേരളീയനും.

ജീവിതത്തിന്റെ ഉന്നത പീഠങ്ങളും അധമ പീഠങ്ങളും കണ്ട കഥാകാരനാണ് അദ്ദേഹം. എത്തിപ്പിടിക്കാതെയും പടർന്നു കയറാതെയും കയ്യടക്കാതെയും തനിക്കു സ്വന്തമായവ അതായത് തനിക്കു കാണാൻ കഴിഞ്ഞവ തന്റെ ഏകാന്തസ്വത്വം രൂപപ്പെടുത്തിയ കഥാശില്പത്തിൽ മെനഞ്ഞെടുത്ത കഥയുടെ കാരണവരാണ് അദ്ദേഹം. കേരളത്തിൽ നിലനിന്ന ഫ്യൂഡലിസ്റ്റു കാലത്തിന്റെ രാജഗൃഹങ്ങളിൽ വച്ച് കാലവും വിധിയുമേല്പിച്ച പ്രഹരങ്ങളിൽ തകർന്നുപോയ സ്വജീവിതത്തിന്റെ രംഗവേദിയിൽ നിന്നും ജീവിതാവസാനം വരെ കാണാനും അനുഭവിക്കാനും കഴിഞ്ഞ മനുഷ്യമനസ്സുകളും ജീവിതവും കോറിയിട്ടുകൊണ്ട് അദ്ദേഹം മലയാളത്തിന്റെ കഥാ സിംഹാസനത്തിൽ സ്വയം അവരോധിതനായി. കേവലം കഥയുടെ സാങ്കേതികതയിൽ മാത്രം വിശ്വസിച്ച കഥാകാരനായിരുന്നില്ല പുതൂർ എന്നു തെളിയിക്കുന്നതാണ് അദ്ദേഹത്തിന്റെ കഥകൾ. തന്റെ കഥകൾക്ക് താൻ സ്വയം തീർത്ത ബാഹ്യാഭ്യന്തര ശില്പങ്ങൾ നൽകി കഥാഗൃഹം തീർക്കുക മാത്രമാണ് ഉണ്ണിക്കൃഷ്ണൻ ചെയ്തത്. തന്റെ കഥാഗൃഹപാഠങ്ങൾ എഴുതുമ്പോൾ അവിടെ പ്രത്യക്ഷപ്പെടുന്നവർ സമൂഹത്തിന്റെ ഏതേതു തലങ്ങളിലുള്ളവരായിരിക്കണം എന്നൊന്നും ഒരു മുൻവിധിയും ഈ എഴുത്തുകാരനില്ല. അവിടെ സമസ്ഥ ജീവിത നിലവാരങ്ങളിലും ജീവിക്കുന്ന മനുഷ്യരുടെ വിചാര വികാരങ്ങളുടെ ധാരാ സംഗമങ്ങളുണ്ടാകും. എങ്കിലും ഇടത്തരക്കാരന്റെ ദുരന്തങ്ങളിൽ പുതൂരിന് പ്രത്യേക താല്പര്യം ഉണ്ടെന്നു പറയാം. ഇതിനുകാരണം അദ്ദേഹം ജീവിച്ചുവളർന്ന ഒരു അനുഭവമണ്ഡലത്തിന്റെ സ്വാധീനം തന്നെയാണെന്നു പറയാം. താളം തെറ്റിയ തറവാടുകളും തകർന്നിടിയുന്ന തറവാടുകളും അവിടെ ജീവിച്ചിരുന്നവർ സ്വാത്മ പരിരക്ഷക്കു മാർഗ്ഗം കാണാതെ വീർപ്പു മുട്ടുന്നതും, സ്വാർത്ഥത മാത്രം കൈമുതലുള്ളവർ അവിടെ നിന്നും തനിച്ചിറങ്ങുന്നതുമെല്ലാം ഈ കാഥികന്റെ പണിപ്പുരയിലെ ശാശ്വത ശില്പങ്ങളാണ്. ഉത്തര കേരളത്തിലെ ഗ്രാമത്തറവാടു ചിത്രങ്ങളായി പുതൂർകഥകൾ മാറുമ്പോൾ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഒരു കാലഘട്ടത്തിലെ സാംസ്കാരിക ചരിത്ര രേഖകളുടെ ഒരു പ്രതലപ്രദർശനം കൂടിയായി അദ്ദേഹത്തിന്റെ കഥകൾ മാറുന്നു. കേരളത്തിലെ ഗ്രാമസംസ്കാരത്തെ എടുത്തുകാട്ടുമ്പോൾ തന്നെ നഷ്ടപ്പെടുന്ന ഗ്രാമമുഖങ്ങളുടെ അനിശ്ചിതാവസ്ഥകളും നമ്മുടെ കഥാകാരനെ വേട്ടയാടിയിരുന്നു. ഗൃഹാതുരത്വവും ഉത്തരമദ്ധ്യകേരളത്തിന്റെ ശരാശരി ജീവിതങ്ങളുമാണ് പൂതൂർകഥകളിൽ നിറഞ്ഞുനിൽക്കുന്നതെന്നു കാണാം.

## ഉണ്ണിക്കൃഷ്ണൻ പൂതൂർ



1933ൽ തൃശൂർ ജില്ലയിലെ എങ്ങണ്ടിയൂരിൽ ജനിച്ചു. ഗുരുവായൂർ ദേവസ്വം ലൈബ്രറി എസ്റ്റാബ്ലിഷ്മെന്റ് വകുപ്പുമേധാവിയായി ഔദ്യോഗികജീവിതം നയിച്ചു. ഗുരുവായൂർ ദേവസ്വം ബോർഡ് ഭരണസമിതി അംഗം, കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ, സാഹിത്യപ്രവർത്തകസഹകരണസംഘം ഡയറക്ടർ ബോർഡ് അംഗം, ഭക്തപ്രിയ മാസികയുടെ സ്ഥാപക പത്രാധിപസമിതി അംഗം, സംഗീത നാടക അക്കാദമി ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇരുപത്തിയൊമ്പത് കഥാസമാഹാരങ്ങൾ, പതിനഞ്ചു നോവലുകൾ, ഒരു കവിതാസമാഹാരം, ജിവചരിത്രം, അനുസ്മരണങ്ങൾ തുടങ്ങി അമ്പതോളം കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് (ബലിക്കല്ല്), ജി.സ്മാരക അവാർഡ് (നാഴികമണി), പത്മപ്രഭാ പുരസ്കാരം (എന്റെ നൂറ്റിയൊന്ന് കഥകൾ) എന്നിവ ലഭിച്ചിട്ടുണ്ട്.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.